Vol. 21. No. 9.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

September 1923.

# വിഷയവിവരണിക


പേജ്.

1. പഞ്ചാംഗം. 193
2. വ്യാകുലസങ്കീൎത്തനം. ശ്രീമാൻ അതിരമ്പുഴ സി എം സെബാസ്ത്യൻ 194
3. പ്രസാധകക്കുറിപ്പുകൾ. 195
4. നമ്മുടെ അമ്മ (നി. വ. ദിവ്യശ്രീ എറണാകുളം മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം) 197
5. വ്യാകുലമാതാവിന്റെ ഭക്തന്മാൎക്ക് റവ. ഫാദർ അലോഷ്യസ് സി.ഡി. 199
6. പകലോമററം കട്ടാനം. ശ്രീമാൻ പി. ജെ. തോമ്മസ് എം. ഏ. ബി. ലിററ്. 200
7. വ്യാകുലന്മാരുടെ ആശ്വാസം. (പദ്യം) ശ്രീമതി മേരി ജോൺ തോട്ടം. 202
8. വി. ഗബ്രിയേൽ പൊസേന്തി. റവ. ജോസഫ് തെക്കേമുറി 204
9. അച്ചാ എനിക്കും വേദസാക്ഷിയാകണം. ശ്രീമാൻ വൈക്കം എ. ജോസഫ് വാദ്ധ്യാർ. 206
10. കർമ്മെലനാഥയുടെ കുഞ്ഞുമക്കൾക്കു. സ്വന്തം കൊച്ചച്ചൻ. 208
11. തിരുഹൃദയ പൊതുനിയോഗം. 210
12. ക. ന്'. മൂ. സ. പ്രേഷകവേലയുടെ വാൎഷികറിപ്പോർട്ട്. 212
13. പുതിയ പ്രസിദ്ധീകരണങ്ങൾ. 213
14 വൎത്തമാനസംഗ്രഹം. 214
15 മനോജ്ഞവിവരങ്ങൾ, ചരമവാൎത്തകൾ, 215



## "THE ILLUSTRATED REVIEW."

EDITED BY HILAIRE BELLOC.

An illustrated monthly review of current affairs by first class writers including a regular contribution by G. K. Chesterton

Contributions by Maurice Baring, Signor Priaz, Sir Bertram Windle, Lord Sydenham, T. C Squire and other well known writers will appear in the next or following number.

Subscription including postage 15/- Shillings for 12 Mos. 7/6 for 6 Months

Apply to Messers Thacker & Co, Bombay or direct to "The Illustrated Review Ltd.", 9 East Harding Street, Fetter Lane, E. C 4.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൧ ൧൯൨൮ എപ്പകത്തി ൮.

## ൧൯൨൮ സെപ്റ്റംബർ – ൧൧൦൪ ചിങ്ങം – കന്നി.


| | | | | | |
|---|---|---|---|---|---|
| 1 | 16 | ശ | എജീദിയോസ് ആബാ. ന. ആ. കു. വെ. | | വെ. |
| 2 | 17 | ഞാ | ✠ പന്ത ൧൫-ാം ഞാ. ന. കു. ആ. | .൨൭ ൧൨ .൧൨ | പ. |
| | | | ☞ ക. മറിയത്തിന്റെ പിറവി പ്രമാണിച്ചു അടുത്ത ശനി കടം. | | |
| 3 | 18 | തി | † രാജ. മെത്ര. സ്തെപ്പാൻ (ഇന്നലെ) ന. ആ. കു. വെ. | | വെ. |
| 4 | 19 | ചൊ | പാ. വേദ. സെപ്പുരീനോ. (ആഗ. ൨൬) ന. ആ. കു. വെ. | | ച്യു. |
| 5 | 20 | ബു | † അ. മെത്ര. ലൌറന്തിയോസ് ന. ആ. കു. വെ. | | വെ. |
| 6 | 21 | വ്യാ | വേദ. ഫെലിക്സും കൂട്ട. (ആഗ. ൩൦) ന. ആ. കു. വെ. | | ച്യു. |
| 7 | 22 | വെ | ക. മറിയ. പിറവി. തലേ. ന. ആ. കു. നേർച്ച. | | ര.ഠ. |
| 8 | 23 | ശ | ✠ ക. മറിയ. പിറവി. ന. കു. വെ. | | വെ. |
| | | | കർമ്മലസഭ മുതലായ ൭ സഭ. പൂ. ദ. വി. | | |
| | | | പ. ക. മറിയ. പിറവി: കടവെച്ചൂർ, ളാലം, നാഗപ്പുഴ, പുളിങ്കുന്നു, | | |
| | | | കുറവലങ്ങാട്ടു, കടുത്തുരുത്തി, കാഞ്ഞിരപ്പള്ളി പഴയപള്ളി. | | |
| 9 | 24 | ഞാ | ✠ പന്ത. ൧൬-ാം ഞാ. ന. കു. ആ. | .൨൨ .൮ .൨ | പ. |
| | | | ☞ ശ്ലീ. കുരിശിൻ പുകഴ്ച പ്രമാണിച്ചു വ്യാഴം മാംസവർജ്ജനം. | | |
| 10 | 25 | തി | മെത്ര. നിക്കോലാവൂസ് ന. ആ. കു. വെ. | | വെ. |
| 11 ● | 26 | ചൊ | † പ. ക. മറിയ. തിരുനാമം. ന. ആ. കു. വെ. | ✳ ൦൭ | വെ. |
| 12 | 27 | ബു | ക. ക്ലാര. (ആഗ. ൧൨) ന. ആ. കു. വെ. | | ര.ഠ. |
| 13 | 28 | വ്യാ | മഞ്ഞുമാതാ. പള്ളി കൂദാ. (ആഗ. ൫) ന. ആ. കു. വെ. ഇ. വി. | | വെ. |
| 14 | 29 | വെ | (✠) ശ്ലീ. സ്ലീവായുടെ പുകഴ്ച. ന. കു. വെ. | | ച്യു. |
| | | | കർമ്മലസഭ പൂ. ദ. വി. | | |
| | | | ആലപ്പുഴ. മാർസ്ലീവാ തിരുനാൾ. | | |
| 15 | 30 | ശ | പ. ക. മറിയ. പിറവി. എട്ടാം. ന. ആ. കു. വെ. | | വെ. |
| 16 | 31 | ഞാ | ✠ പ. ൧൦-ാം ന. കു. ആ. വ്യാകുലമാ. | ✳ ൦൭ ൨൨.൮ .൧൨ .൭ .൧൨ | വെ. |
| | | | ☞ അടുത്ത ബുധൻ, വ്യാഴം ഇ. വി. | | |
| 17 | 1 | തി | വേദ. കൊർണ്ണേലിയും കൂട്ട. (ഇന്നലെ) ന. ആ. കു. വെ. | | ച്യു. |
| 18 | 2 | ചൊ | † മെത്ര. മെത്ര. കുപ്രിയാനോ. ന. ആ. കു. വെ. | | വെ. |
| 19 | 3 | ബു | അ. വേദ. യാനുവാരിയും കൂട്ട. ന. ആ. കു. വെ. (ചതുർക്കാ.) | | ച്യു. |
| 20 | 4 | വ്യാ | മത്തായി ശ്ലീഹാ. തലേ. ന. ആ. കു. ത. ഇ. വി. | | ര.ഠ. |
| 21 | 5 | വെ | (✠) മത്തായി ശ്ലീഹാ. ന. കു. വെ. | | ച്യു. |
| 22 | 6 | ശ | വേദ. മൌറീശീസും കൂട്ട. ന. ആ. കു. വെ. | | ച്യു. |
| 23 | 7 | ഞാ | ✠ പന്ത. ൧൭-ാം ഞാ. ന. കു. ആ. | .൨ .൭ .൨ | പ. |
| 24 | 8 | തി | † മനഗുണമാതാവു ന. ആ. കു. വെ. | | വെ. |
| 25 | 9 | ചൊ | പാ. വേദ. ലീനോസു (ഇര. മാ. ൨൬) ന. ആ. കു. വെ. | | ച്യു. |
| 26 ◐ | 10 | ബു | വേദ. കുപ്രിയാനും കൂട്ട. ന. ആ. കു. വെ. | | ച്യു. |
| 27 | 11 | വ്യാ | വേദ. കൊസ്മോസും കൂട്ടരും. ന. ആ. കു. വെ. | | ച്യു. |
| 28 | 12 | വെ | † രാജാ. വേദ. വെഞ്ചെസ്ലാവോസ ന. ആ. കു. വെ. | | ച്യു. |
| | | | വി. ശൌസ്സാർ പുണ്യവാന്റെ തിരുനാളിന്നു മുമ്പുള്ള ൧൦ വെള്ളിയാഴ്ച | | |
| | | | ഭക്തിയും, ജപമാലരാജ്ഞി. തിരുനാ. നവനാളും ഇന്നു തുടങ്ങും. | | |
| 29 | 13 | ശ | (✠) മിഖായേൽ മാലാ. പള്ളി കൂദാ. ന. കു. വെ. | | വെ. |
| | | | കർമ്മലസഭ പൂ. ദ. വി. | | |
| 30 | 14 | ഞാ | ✠ പന്ത. ൧൮-ാം ഞാ. ന. കു. വെ. | .൨൭ ൦ .൧൨ | പ |

# വ്യാകുല സങ്കീർത്തനം.

കമാശ് രാഗം. താളം ചാപ്പ് – "മത്തഡാ" എന്ന രീതി.

൧ പല്ലവി.

നിമ്പാദം കമ്പിട്ടുന്നേൻ– വ്യാകുലാംബികേ!
നിമ്പാദം കമ്പിടുന്നേൻ.



അനുപല്ലവി.

പുത്രസന്താപത്തിനു –
പാത്രമായൊരുതായേ! നിമ്പാദം...

## ചരണങ്ങൾ.

ശിമെയോനരച്ചൊരുപാൽനിൻ–
പ്രേമോദാരമാമുള്ളം
സങ്കടമാർന്നതോർത്തെൻ–
പങ്കം കഴുകീടണേ. നിമ്പാദം...

ക്രൂരാട്ടു ശിശുവിനെ–
ഹേറോദേസിങ്കൽനിന്നും
രക്ഷിപ്പാനഴൽപൂണ്ട–
രക്ഷകീ തുണയ്ക്കുമാം. നിമ്പാദം ..

ദ്വാദശവയസ്സിൽതൻ–
പൈതലെക്കാണായ്കയാൽ
ഖേദമിയന്നനാഥേ!
വേദസാരമേകണേ. നിമ്പാദം. . .

വന്മരക്കുരിശേന്തും
പൊന്മകനെക്കണ്ടു
അമ്മേ! കരൾകാന്തനീ
യാത്മാവലയ്ക്കണേ! നിമ്പാദം ..

ജീവനിശൻകുരിശിൽ
കൈവെടിഞ്ഞതുകണ്ടു
വേവലാധിയാർന്നനീ–
ഭാവുകമരുളേണേ. നിമ്പാദം. . .

ഓമസഹൃദന്തത്തിൽ
ക്രൂരനണച്ചകുന്തു–
കാരണംകരഞ്ഞനീ –
പാരംകൃപചെയ്യണമേ. നിമ്പാദം...

വല്ലഭകളേബരം
കല്ലറയിൽച്ചേർത്തു
കണ്ടുതാപമാണ്ടനീ
ഇണ്ടലകറ്റണമേ. നിമ്പാദം...

അതിരമ്പുഴ സി. എം. സെബാസ്റ്റ്യൻ.

# കർമ്മലകുസുമം.

പുസ്തകം ൨൧ } ൧൯൨൩ സെപ്റ്റംബർ { ലക്കം ൯


## പ്രസാധകക്കുറിപ്പുകൾ.

### അമ്മയുടെ തിരുനാളുകൾ.

ദൈവജനനിയുടെ ഭക്തന്മാർ അനുഷ്ഠിക്കേണ്ട ഭക്തികൃത്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി വി. അല്ഫോൻസു ലിഗോരി പുണ്യവാൻ ഉപദേശിക്കുന്നതു്, ആ അമ്മയുടെ തിരുനാളുകളെ സ്നേഹബഹുമാനപുരസ്സരം കൊണ്ടാടണമെന്നുള്ളതാണു്. പ്രസ്തുത തിരുനാളവസരങ്ങൾ ഈ അമ്മയുടെ സാക്ഷാലുള്ള മക്കൾക്കെല്ലാവർക്കും അത്യന്തം ആഹ്ലാദത്തിനു വിഷയമാകേണ്ടതുപോലെതന്നെ ആദായത്തിനു മാർഗ്ഗമാണെന്നുള്ളതും വിസ്മരിക്കാവുന്നതല്ല. വി. ബെർണ്ണർദീനോസ് സിയെന്നാ അരുളിച്ചെയ്യുന്നതുപോലെ "ദിവ്യരക്ഷകന്റെ സുകൃതങ്ങളേയും, പരിശുദ്ധാരൂപിയുടെ ദാനങ്ങളേയും തനിക്കു മനസ്സാകുന്നവർക്കും, തനിക്കു മനസ്സാകുന്നതുപോലെയും, തനിക്കു മനസ്സാകുന്നേടത്തോളവുമാണു്," പരിശുദ്ധ കന്യക വിഭജിച്ചുകൊടുക്കുന്നതു്. പുത്രനിർവിശേഷമായ സ്നേഹത്തോടെ തനിക്കു മംഗളം ആശംസിക്കുന്നവരുടെ വിഷയത്തിൽ ഈ അധികാരം എത്ര ധാരാളമായി ഈ മാതാവു ഉപയോഗിക്കുമെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ അടുത്തിരിക്കുന്ന നമ്മുടെ അമ്മയുടെ പിറവിത്തിരുനാളും വ്യാകുലത്തിരുനാളും പതിവിലെന്ന്യേ ജാഗ്രതയോടെ കൊണ്ടാടുന്നതിനു നമുക്കു ശ്രമിക്കാം.

### ആറാംശതവർഷം.

വേദശാസ്ത്രപാരംഗതനായ വി. തോമ്മാസ് അക്വിനാസിനെ പരിശുദ്ധനെന്നു നാമകരണം ചെയ്തിട്ടു് ആറു ശതവത്സരം പൂർത്തിയാകുന്നതു ഇക്കൊല്ലമാണു്. ഭൂലോകമൊക്കെയുടേയും ആശ്ചര്യവിഷയമായിത്തീർന്നിരിക്കുന്ന ഈ പരിശുദ്ധന്റെ ശതവർഷാഘോഷം ആഡംബരസമേതം കൊണ്ടാടുന്നതിലേക്കു ലോകത്തിലുള്ള സകല മെത്രാന്മാർക്കുമായി പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു് ഒരു തിരുവെഴുത്തയച്ചിരിക്കുന്നു. വേദപാരഗന്റെ പുണ്യജീവിതത്തേയും, ജ്ഞാനപ്രബോധനങ്ങളേയും എടുത്തു വിസ്തരിച്ചു കാണിച്ചശേഷം, വൈദികരും ലൗകികരും അതുകളെ തങ്ങളുടെ ജീവിതത്തിൽ അനുകരിച്ചു വർത്തിക്കേണ്ടതെങ്ങനെയെന്നു കാണിക്കയും, വൈദികവിദ്യാലയങ്ങളുടേയും സർവ്വകലാശാലകളുടേയും പ്രത്യേക മാർഗ്ഗദർശിയായി ഈ സിദ്ധനെ നിർദ്ദേശിക്കയുമാണു് തിരുമേനി ഈ ലേഖനത്തിൽ ചെയ്തിട്ടുള്ളതു്.

### ബർമിങ്ങാം കോൺഗ്രസ്സ്.

ആഗസ്റ്റ് മൂന്നാംതീയതി മുതൽ പത്താംതീയതിവരെ ഇംഗ്ലണ്ടിൽ ബർമിങ്ങാമിൽ നടന്ന ആംഗ്ലേയ കത്തോലിക്കാ കോൺഗ്രസ്സ കത്തോലിക്കർക്ക ഇപ്പോൾ അവിടെയുള്ള ശക്തിയെ സവിശേഷം പ്രദർശിപ്പിക്കുന്ന ഒന്നായിരുന്നു. നാടൊട്ടുക്ക ഇതെസംബന്ധിച്ചു ചെയ്തുവന്നിരുന്ന ഒരുക്കങ്ങളും, വൈദികരും അൽമേനികളും ഏകോപിച്ചു പ്രവൃത്തിച്ചുവന്നിരുന്ന വിധങ്ങളും, എവിടെയും പ്രത്യക്ഷപ്പെട്ടിരുന്ന അന്യാദൃശമായ ഒരുണർച്ചയും, കുറേ മാസങ്ങളായി അവിടത്തെ പത്രങ്ങളിൽനിന്നുതന്നെ ഏവർക്കും അനുഭവബോദ്ധ്യമായിട്ടുള്ളതാണ്. ഇപ്രകാരം വ്യവസ്ഥാപിതമായ ഒരു ഏർപ്പാട്ടു മംഗളമായി പര്യവസാനിച്ചതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. നമ്മുടെ മിസ്റ്റർ പി ജെ. തോമ്മസും, ഈ മഹനീയാവസരത്തിൽ സംബന്ധിക്കയും ഒരു പ്രസംഗം ചെയ്കയും ചെയ്തിട്ടുള്ളതിനാൽ കൂടുതൽ വിവരങ്ങൾ നമുക്ക പിന്നാലെ അറിയാവുന്നതാണ്.

### കോട്ടയം പത്രിക.

കഴിഞ്ഞ മാസം ആരംഭം മുതൽ പത്രരൂപത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്ന ഞങ്ങളുടെ ഈ മാന്യ സഹജീവിക്കു ഞങ്ങൾ സർവവിജയവും ആശംസിച്ചുകൊള്ളുന്നു. കോട്ടയം പട്ടണത്തിൽ നിന്നു പുറപ്പെടുന്ന ഏക കത്തോലിക്കാ പത്രമെന്നുള്ള നിലയിൽ പത്രികയ്ക്കുള്ള പ്രശസ്തി അന്യാദൃശമായിരിക്കുന്നതുപോലെതന്നെ തൻമൂലമുള്ള ചുമതലകളും ഗൌരവാവഹങ്ങളെന്നു പറയേണ്ടിയിരിക്കുന്നു. കോട്ടയംമെത്രാനച്ചനവർകളുടെ വിദേശയാത്രാസ്മരണകളും തൽസംബന്ധമായ ചില പടങ്ങളും പത്രികയെ ഓണാർത്ഥത്തിൽ വിചിത്രരമണീയമാക്കിത്തീർക്കുന്നുണ്ട്.

---

## സിദ്ധൌഷധക്കുറിപ്പുകൾ.

വിഷൂചിക ഉള്ളപ്പോൾ ദാഹം അധികം ഉണ്ടായാൽ വരട്ടത്തേങ്ങാ വെള്ളത്തിൽ ചുക്കും ജീരകവും അരച്ചു കലക്കി സേവിച്ചാൽ ദാഹവും വിഷൂചികയും ശമിക്കും.

പച്ചഈർക്കിൽ, ഉലുവ, ചുക്ക്, മലർ, കൂവളത്തിൻവേര്, പിലാവിലഞെട്ടു ഇവകൊണ്ടുള്ള കഷായം വിഷൂചിയെ കളയും.

ജാതിക്കാ, ഇലവർങ്ങം, തക്കോലം, കർപ്പൂരം, ചുക്കു, മുളകു, തിപ്പലി ഇവ സമം പൊടിച്ചു നെയ്യുംകൂട്ടി വായിലിട്ടാൽ അരുചി നീങ്ങും.

---

## വ്യാകുലമാതാവിൻ വണക്കമാസം

കത്തോലിക്കർ കന്നിമാസത്തിൽ അവശ്യാവശ്യം വായിച്ചിരിക്കേണ്ടതും ഭക്തിജനകവുമായ പ്രസ്തുത പുസ്തകം വില്പാൻ തയ്യാറുണ്ട്. സുലളിതമായ ഭാഷാരീതിയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ പുസ്തകത്തിനു വില അണ ൧൨ മാത്രം.

സൂപ്രണ്ട്
സെന്റ് ജോസഫ് പ്രസ്സ്, മാന്നാനം.

# നമ്മുടെ അമ്മ.

(നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗുസ്തീനോസു മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനത്തിൽ നിന്നും.)

ബ. സഹോദരരെ, പ്രിയ മക്കളെ,

നമ്മുടെ ദിവ്യരക്ഷകൻ തന്റെ പീഡാനുഭവത്തിന്റെ തലേ രാത്രി ശ്ലീഹന്മാരോടു ചെയ്ത സംഭാഷണത്തിൽ അവരെ ആശ്വസിപ്പിച്ചുകൊണ്ടു ഇപ്രകാരം അരുളിച്ചെയ്കയുണ്ടായി: „ഞാൻ നിങ്ങളെ അനാഥരാക്കി വിട്ടുംവച്ചുപോകയില്ല„. വിശുദ്ധകുർബ്ബാന സ്ഥാപിച്ചു് അതുവഴിയായി നമ്മുടെ ഇടയിൽ രാപകൽ അധിവസിച്ചുകൊണ്ടു് കർത്താവു തന്റെ ഈ വാഗ്ദാനം നിറവേററി. എന്നാൽ വേറൊരു വിധത്തിൽ കൂടി അതു നിറവേററീട്ടുണ്ടു്. അവിടുന്നു് ലോകത്തിന്റെ പാപപരിഹാരമായി കുരിശിൽ തൂങ്ങിക്കിടക്കുകയിൽ ദുഃഖിതയായി അരികെ നിന്നിരുന്ന തന്റെ ദിവ്യമാതാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പ്രിയപ്പെട്ട ശിഷ്യനായ യോഹന്നാനോടു "ഇതാ നിന്റെ അമ്മ" എന്നരുളിച്ചെയ്തു. വിശുദ്ധ യോഹന്നാൻ ആ സമയത്തു സകല ക്രിസ്ത്യാനികളുടെയും പ്രതിപുരുഷന്റെ നിലയിൽ ഗണിക്കപ്പെട്ടുവെന്നും അതിനാൽ കർത്താവു തന്റെ മാതാവിനെ സകല ക്രിസ്ത്യാനികളുടെയും അമ്മയായി നൽകിയിരിക്കുന്നു എന്നും സഭാപിതാക്കന്മാരും വേദശാസ്ത്രികളും പഠിപ്പിക്കുന്നു. ബാവാതമ്പുരാൻ നമ്മുടെ ദിവ്യരക്ഷിതാവുവഴിയായി സകല ക്രിസ്ത്യാനികളുടെയും യഥാർത്ഥപിതാവായിരിക്കുന്നതുപോലെ, പരിശുദ്ധ കന്യകമറിയം ദിവ്യരക്ഷിതാവുവഴിയായിതന്നെ സകല ക്രിസ്ത്യാനികളുടെയും യഥാർത്ഥമാതാവായിരിക്കുന്നു. പരിശുദ്ധ കന്യകമറിയം നമ്മുടെ അമ്മയായി തീർന്നിരിക്കുന്നതു് നമ്മുടെ ആത്മികജീവിതത്തിനു എത്രത്തോളം ഉപയോഗപ്രദമാണെന്നും, മക്കൾ എന്ന നിലയിൽ നമുക്കു ആ മാതാവിന്റെ നേരെയുള്ള കടമകൾ ഏവയെന്നും അല്പം ആലോചിക്കാം.

ഒരു കുട്ടിയുടെ ഭാവി അതിന്റെ അമ്മയെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള തത്വം സർവ്വസാധാരണമായി സ്വീകരിക്കപ്പെട്ടുപോരുന്നുണ്ടല്ലോ. അമ്മ നൽകുന്ന ഭക്ഷണപാനീയങ്ങൾ അനുഭവിച്ചു് അതിന്റെ ശരീരം വളരുന്നതുപോലെ തന്നെ അമ്മ നൽകുന്ന ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും അനുസരിച്ചു് അതിന്റെ ആത്മികശക്തികൾ അഭിവൃദ്ധിപ്പെടുകയും സ്വഭാവം രൂപീകരിക്കപ്പെടുകയും ചെയ്യുന്നു. ലോകത്തിൽ മഹത്തായ പല കൃത്യങ്ങൾ ചെയ്തു് മഹാന്മാരെന്നു പേരെടുത്തിട്ടുള്ള പലരും തങ്ങളുടെ ഉൽകൃഷ്ട ജീവിതമാകുന്ന മാളികയുടെ അടിസ്ഥാനമിട്ടിട്ടുള്ളതും അതിനെ പണിതു കയററീട്ടുള്ളതും തങ്ങളുടെ മാതാക്കളാണെന്നു ഏററുപറഞ്ഞിട്ടുണ്ടു്. തിരുസഭയിൽ വിശുദ്ധന്മാരായി വണങ്ങപ്പെടുന്ന പുണ്യപുരുഷന്മാരിൽ പലരുടെയും അമ്മമാർ പുണ്യവതികളായിരുന്നു എന്നും ആ അമ്മമാരുടെ സദുപദേശങ്ങളും സന്മാതൃകകളുമാണു് അവരെ പുണ്യമാർഗ്ഗങ്ങളിൽ കൂടെ നടത്തിയതെന്നും അവരുടെ ജീവചരിത്രങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണ്. തിരുസഭ വേദഞെരുക്കത്താൽ പീഡിപ്പിക്കപ്പെട്ടിരുന്ന ആദികാലങ്ങളിൽ സുംപറോസ, ഫെലിസിത്താസ് മുതലായ പുണ്യവതികളായ മാതാക്കളുടെ സദുപദേശങ്ങളും സന്മാതൃകകളുംമൂലം അവരുടെ മക്കൾ ലൌകികമായ സകല ഐശ്വര്യങ്ങളും ജീവൻ തന്നെയും മിശിഹായ്ക്കുവേണ്ടി ബലികഴിച്ചു. അബദ്ധവിശ്വാസത്തിലും ദുർമ്മാർഗ്ഗത്തിലും ജീവിതം നയിച്ചുപോന്ന അഗുസ്തീനോസിനെ സത്യവിശ്വാസത്തിലേക്കും പുണ്യസാംഗോപാംഗത്തിലേക്കും തിരിച്ചുകൊണ്ടുപോന്നതും അദ്ദേഹം ഒരു മഹാപുണ്യവാനും വലിയമല്പാനുമായി തിരുസഭയിൽ ശോഭിക്കുവാൻ സംഗതിയാക്കിയതും ആ വിശുദ്ധന്റെ മോനിക്കായെന്നു പേരുള്ള പു

⁂

ണ്യവതിയായ മാതാവല്ലയോ? ഫ്രാൻസിലെ രാജാവായിരുന്ന വിശുദ്ധ ലൂയിസിനോടു "പ്രിയപ്പെട്ട മകനെ ഒരു ചാവുദോഷത്താൽ നിന്റെ ആത്മാവു മലിനപ്പെടുന്നതിനെക്കാൾ നീ മരിച്ചുകാണുന്നതാണ് എനിക്കു അധികം സന്തോഷകരം" മെന്നു പറഞ്ഞിരുന്ന ബ്ളാൻഷ് എന്ന രാജ്ഞി എത്ര പുണ്യവതിയായിരുന്നിരിക്കണം! ആ മാതാവിന്റെ പരിചരണയിൽ വളൎന്ന ലൂയിസ് രാജാവ് ഒരു പുണ്യവനായിത്തീൎന്നതിൽ എന്തൊരത്ഭുതം! ഇങ്ങിനെ അനേകം ദൃഷ്ടാന്തങ്ങൾ എടുത്തു പറയാവുന്നതാണ്.

ലോകത്തിലുള്ള അമ്മമാർ സ്വഭാവരൂപീകരണത്തിൽ ഇത്രയേറെ പങ്കെടുക്കുന്നവരാണെങ്കിൽ, അവരെല്ലാവരേയുംകാൾ പരിശുദ്ധയും ശക്തയുമായ സ്വൎഗ്ഗത്തിലുള്ള നമ്മുടെ മാതാവിന്റെ പരിചരണവും സദുപദേശവും സന്മാതൃകയും നമ്മുടെ ആത്മികജീവിതത്തിനു എത്രകണ്ടു് ആവശ്യകരവും ഉപയോഗപ്രദവുമായിരിക്കും. പരിശുദ്ധ കന്യകമറിയം നമ്മുടെ കൎത്താവിനെ ശിശുത്തൊട്ടി മുതൽ കുരിശുമരംവരെ പരിചരിച്ചതുപോലെ ക്രിസ്ത്യാനികൾ ഓരോരുത്തരേയും അവരുടെ ആത്മികജീവിതത്തിന്റെ ആരംഭംമുതൽ അവസാനംവരെ പരിചരിക്കണമെന്നാണ് ദൈവനിശ്ചയം. ദേവമാതാവ് ഭൂമിയിൽ അവതരിച്ച ഉണ്ണിഈശോയെ തന്റെ കരകമലത്തിൽ സ്വീകരിച്ചതുപോലെ ജ്ഞാനസ്നാനം കൈക്കൊണ്ടു് ആത്മികജീവിതം ആരംഭിക്കുന്ന ഓരോ ക്രിസ്ത്യാനിയുടെയും ആത്മാവിനെ തന്റെ കരകമലത്തിൽ സ്വീകരിക്കുന്നു. പിറന്നിട്ടു നാല്പതാംദിവസം ഉണ്ണിഈശോയെ ദേവാലയത്തിൽ കൊണ്ടുചെന്നു ദിവ്യപിതാവിനു സമൎപ്പിച്ച ആ മാതാവ് ഓരോ ക്രിസ്ത്യാനിയുടെയും ആത്മാവിനെ ദൈവത്തിനു സമൎപ്പിക്കുന്നു. ഹേറോദേശിന്റെ ക്രൂരകരങ്ങളിൽനിന്നു ഉണ്ണിഈശോയെ രക്ഷിച്ചതുപോലെ ആ ദിവ്യമാതാവ് പിശാചിന്റെയും മറ്റു ശത്രുക്കളുടെയും ആക്രമണങ്ങളിൽനിന്നു നമ്മെ രക്ഷിക്കുന്നു. പന്ത്രണ്ടുവയസ്സിൽ കാണാതെപോയ ഈശോയെ രാപകൽ അന്വേഷിച്ചു കണ്ടെത്തിയ മാതാവ്, നമ്മൾ ദൈവസന്നിധി വിട്ട് ദുൎമ്മാൎഗ്ഗത്തിൽ ഉൾപ്പെട്ട് അലയുമ്പോൾ വ്യസനപൂൎവ്വം നമ്മെ അന്വേഷിച്ചു തേടിപ്പിടിച്ച് നേർവഴിയിൽ കൊണ്ടുവരുന്നു. ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി വേലചെയ്യാൻ പരസ്യജീവിതം തുടങ്ങിയ ഈശോയ്ക്കു തന്റെ അനുകമ്പയാൽ ആശ്വാസം കൊടുത്ത ആ മാതാവ് ദൈവത്തിന്റെയും നമ്മുടെ ആത്മാവിന്റെയും കാൎയ്യത്തിൽ വേണ്ടതെല്ലാം പ്രവൎത്തിക്കുന്നതിനു നമ്മെ ഉപദേശവും സഹായവും നൽകി ധൈൎയ്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഒടുവിൽ ഗാഗുൽത്താമലയിൽ കുരിശിൽ തൂങ്ങിക്കിടന്നു ലോകത്തിന്റെ പാപപരിഹാരത്തിനു ജീവനെ ബലികഴിച്ച തന്റെ തിരുക്കുമാരന്റെ ഹൃദയത്തോടു തന്റെ ഹൃദയവും ചേൎത്തതുപോലെ ആ മാതാവു നമ്മുടെ സകല ദുഃഖങ്ങളിലും നമ്മോടു സഹതാപമുള്ളവളായിനിന്നു് നമ്മുടെ ബലികളെ ദൈവത്തിനു കാഴ്ചവയ്ക്കുകയും നമ്മുടെ ആത്മാക്കളെ തന്റെ തൃക്കരങ്ങളിൽ വാങ്ങി ദൈവസന്നിധിയിൽ എത്തിക്കുകയും ചെയ്യുന്നു. ഇങ്ങിനെ നമ്മുടെ ആത്മികജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും നമ്മോടുകൂടിയിരുന്നു് നമ്മെ സ്നേഹപൂൎവ്വം സഹായിക്കുന്ന അമ്മയായിട്ടാണ് പരിശുദ്ധ മറിയത്തെ നമ്മുടെ കൎത്താവു നമുക്കു നൽകിയിരിക്കുന്നതു്.

അതിനാൽ പ്രിയ മക്കളേ, ദൈവത്തിന്റെ മാതാവിനെ നിങ്ങളുടെ യഥാൎത്ഥ മാതാവായി നിങ്ങൾ സ്വീകരിപ്പിൻ. ആ മാതാവിന്റെ പരിശുദ്ധ ജീവിതത്തിലെ സന്മാതൃകകളനുസരിച്ച് നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുവിൻ. നിങ്ങൾക്കുണ്ടാകുന്ന എല്ലാവിധ സന്തോഷങ്ങളിലും ദുഃഖങ്ങളിലും നിങ്ങൾ ആ മാതാവിനെ ശരണംപ്രാപിപ്പിൻ. നിങ്ങൾക്കാവശ്യമായ സകല നന്മകളും ആ മാതാവിനോടു അപേക്ഷിക്കുകയും, പിശാചിന്റെ പരീക്ഷകൾ നേരിടുമ്പോൾ അവിടുത്തെ അഭയംതേടുകയും ചെയ്യുവിൻ. ഈ മാതാവിനെ സ്നേഹപൂൎവ്വം ഓൎക്കാതെയും അവിടുത്തെ സ്തുതിക്കായി

എന്തെങ്കിലും ഒരു സൽപ്രവൃത്തി ചെയ്യാതെയുമുള്ള ഒരു ദിവസമെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടാകരുത്. ആ മാതാവിന്റെ സ്തുതിക്കായി തിരുസഭ ഏർപ്പെടുത്തിയിട്ടുള്ള ഭക്തസംഘങ്ങളിൽ ചേർന്ന് വെന്തിഞ്ഞ് മുതലായ ഭക്തചിഹ്നങ്ങൾ ധരിക്കയും അവിടുത്തെ സുകൃതജീവിതത്തെ ഓർമ്മപ്പെടുത്തുന്ന 'രഹസ്യങ്ങളും' അവിടുത്തെ മഹിമകളെ വർണ്ണിക്കുന്ന പ്രാർത്ഥനകളും അടങ്ങിയ ജപമാല പ്രതിദിനം ചൊല്ലുകയും ചെയ്യുന്നതിൽ നിങ്ങൾ താല്പര്യമുള്ളവരായിരിക്കണം. ആ മാതാവിന്റെ പ്രത്യേക സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മെയ് മാസത്തിൽ നടത്തപ്പെടുന്ന ഭക്തകർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും, ആ അവസരങ്ങളിൽ നിങ്ങൾക്കുണ്ടാകുന്ന സദ്വിചാരങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതിനും നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കണം. എല്ലാററിലും പ്രധാനമായി ഈ മാതാവിന്റെ നേരെയുള്ള ഭക്തി നിങ്ങളുടെ മക്കളെ നന്നാ ചെറുപ്പത്തിൽതന്നെ അഭ്യസിപ്പിപ്പാൻ നിങ്ങൾ പ്രത്യേകം ദൃഷ്ടിവയ്ക്കണം.

പ്രിയ മക്കളേ, ഇപ്രകാരം നിങ്ങൾ ചെയ്യുന്നതായാൽ ദേവമാതാവിന്റെ ശക്തിയേറിയ സഹായവും പരിപാലനവും നിങ്ങൾക്കു ലഭിക്കുകയും, തന്മൂലം നിങ്ങളുടെ ആത്മികജീവിതം പുഷ്ടിപ്പെട്ട് വളരെ ഫലമുള്ളതായിത്തീരുകയും, ഒടുവിൽ നന്മരണം ലഭിച്ച് സ്വർഗ്ഗത്തിലെത്തി ആ മാതാവിനോടുകൂടി നിത്യാനന്ദം അനുഭവിക്കുന്നതിന് നിങ്ങൾക്കു സംഗതിവരികയും ചെയ്യും. നിങ്ങൾ ഏവരും പരിശുദ്ധ കന്യക മറിയത്തെ സ്വന്ത അമ്മയായി സ്വീകരിക്കുന്നതിനും, അവിടുത്തെനേരെ മക്കൾക്കടുത്ത സ്നേഹത്തോടും മനോവിശ്വാസത്തോടുംകൂടി പെരുമാറുന്നതിനും ആവശ്യമായ സകല നന്മകളും ആ ദിവ്യമാതാവ് നിങ്ങൾക്കേവർക്കും വാങ്ങിത്തരണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് നാം നിങ്ങളെ നമ്മുടെ കർത്താവു ഈശോമ്ശിഹായിൽ ആശീർവദിക്കുന്നു.

## വ്യാകുലമാതാവിന്റെ ഭക്തന്മാർക്ക്.

വേദപാരഗനായ വി. അല്പോൻസ് ലിഗോരി, ദൈവജനനിയുടെ വ്യാകുലതയിന്മേൽ മഹാ ഭക്തിയായിരുന്ന എലിസബെത്തെന്ന പുണ്യവതിക്കുണ്ടായ ഒരു വെളിപാടിനെപ്പററി ഇപ്രകാരം സാക്ഷിച്ചിരിക്കുന്നു.

"ദേവമാതാവു സ്വർഗ്ഗത്തിലേക്കു കരേററപ്പെട്ടതിന്റെശേഷം, വി. യോഹന്നാൻ ഏവൻഗേലിസ്ഥായ്ക്കു ആ നാഥയെ വീണ്ടും കാണുവാൻ ആഗ്രഹമുണ്ടായി. തദനുസരണം ഈ വാത്സല്യ ജനനി ഈശോമ്ശിഹായോടു ഒന്നിച്ചു ആ ശ്ലീഹായ്ക്കു പ്രത്യക്ഷയായതു്. അപ്പോൾ ദേവമാതാവു തന്റെ വ്യാകുലതാഭക്തർക്കായി ചില പ്രത്യേകവരങ്ങൾ ദിവ്യരക്ഷകനോടു അർത്ഥിച്ചതും, പ്രധാനമായി നാലു ദാനങ്ങളെ അവർക്കായി ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്യുന്നതും വി. ശ്ലീഹാ കേൾക്കുന്നതിന്നിടയായി. അവ ഏവയെന്നാൽ:- ഒന്നാമത്, മറിയത്തിന്റെ വ്യാകുലതാഭക്തർക്കു തങ്ങളുടെ പാപങ്ങളെക്കുറിച്ച് യഥാർത്ഥമായി മനസ്താപപ്പെടുന്നതിനുള്ള വരം ഈശോ നൽകുന്നതാണ്. രണ്ടാമത്, അവരുടെ ഞെരുക്കങ്ങളിലും പ്രത്യേകമായി അവരുടെ മരണനേരത്തും അവരെ അദ്ദേഹം കാത്തു രക്ഷിക്കും. മൂന്നാമത്, അവരിൽ അദ്ദേഹത്തിന്റെ പീഡാനുഭവത്തിന്റെ ഓർമ്മ പതിക്കുകയും തൽഫലമായി അവർക്കു സ്വർഗ്ഗത്തിൽ സമ്മാനം നൽകുകയും ചെയ്യും. നാലാമത്, ദൈവജനനിയുടെ ഇഷ്ടംപോലെ അവരെ നടത്തുന്നതിനും ആ നാഥ ആഗ്രഹിക്കുന്ന എല്ലാ നന്മകളും അവർക്കു ലഭിച്ചുകൊടുക്കുന്നതിനുംവേണ്ടി അവരെ

മറിയത്തിന്റെ കരങ്ങളിൽ അദ്ദേഹം ഭരമേല്പിക്കും.”

ആകയാൽ വ്യാകുലമാതാവിന്റെ വണക്കത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ മാസം ഭക്തിപൂർവ്വം കൊണ്ടാടുകയും, കന്നിമാസം ൧൫നു- ഞായറാഴ്ച പരിശുദ്ധ വ്യാകുല അമ്മയുടെ തിരുനാൾ പൂർവ്വാധികം ജാഗ്രതയോടുകൂടെ ആഘോഷിക്കുന്നതിനു ശ്രമിക്കയും ചെയ്യണം.

ഫാദർ അലോഷ്യസ് സി. ഡി.

## പകലോമററം കുടുംബം.

ക്രിസ്ത്വാബ്ദം ൫൨-ൽ കേരളത്തിൽ വന്നു് ക്രിസ്തുമതപ്രസംഗം നടത്തിയ മാർ തോമ്മാശ്ലീഹായുടെ കരങ്ങളിൽ നിന്നു ജ്ഞാനസ്നാനദീപ്തിയും പൌരോഹിത്യവും സിദ്ധിച്ചവരായി ശങ്കരപുരി, പകലോമററം, കള്ളി, കാളിയങ്കാവു് എന്നിങ്ങനെ നാലു ശ്രേഷ്ഠകുടുംബങ്ങൾ ഉണ്ടായിരുന്നതായി മലങ്കര ഒട്ടുക്കു് ഒരു ഐതിഹ്യം ഉണ്ടല്ലോ. ഈ കുടുംബങ്ങളെപ്പററി ചില വിവരങ്ങൾ അറിയുന്നതിനു വായനക്കാർക്കു കൌതുകമുണ്ടായിരിക്കുമെന്നു കരുതുന്നു.

മേല്പറഞ്ഞ നാലു കുടുംബങ്ങളും തോമ്മാശ്ലീഹായുടെ ആഗമനകാലത്തു് തൃശ്ശിവപേരൂരിനു വടക്കുള്ള പാലയൂർ എന്ന സ്ഥലത്തു വസിച്ചിരുന്ന ആഢ്യബ്രാഹ്മണരായിരുന്നതായും, അദ്ദേഹം ആ സ്ഥലത്തുവച്ചു പ്രവർത്തിച്ച അത്ഭുതകൃത്യങ്ങൾ കണ്ടു് ക്രിസ്തുവിൽ വിശ്വസിച്ചതായും നമ്മുടെ ഇതിഹാസങ്ങളിൽ കാണുന്നു. ശങ്കരപുരിപകലോമററം ഈ ഇല്ലങ്ങൾ പാലയൂർഅന്നിരുന്ന സ്ഥലത്തു് ഇപ്പോഴും പുരത്തറകളും കിണറുകളും വരിവരിയായിക്കാണുന്നുണ്ടു്. സർക്കാർ കണക്കുകളിൽ ഇപ്പോഴും ആ പുരയിടങ്ങൾക്കു മേല്പറഞ്ഞ പേരുകൾതന്നെ പറഞ്ഞുവരുന്നു.

ക്രിസ്ത്വാബ്ദം ൩൪൫-ൽ ക്നായി തോമ്മായുടെ ആഗമനം മുതൽ പകലോമററം കുടുംബത്തിലെ കത്തനാരന്മാർ പരമ്പരയാ “മലങ്കരയുടെ അർക്കദിയാക്കോൻ” സ്ഥാനക്കാരായിത്തീർന്നു. അന്നു് ബാബിലോണിലെ കതോലിക്കാ ബാവാ ആയിരുന്നു മലങ്കരയ്ക്കു മെത്രാന്മാരെ അയച്ചുവന്നിരുന്നതു്. എങ്കിലും മലങ്കരസഭയുടെ ഭരണം മിക്കവാറും നടത്തിയിരുന്നതു പകലോമററത്തു് അർക്കദിയാക്കോന്മാർ തന്നെയായിരുന്നെന്നു നിസ്സംശയം പറയാം. ഈ അർക്കദിയാക്കോന്മാരുടെ ആസ്ഥാനം ആദ്യം കൊടുങ്ങല്ലൂരും, പിന്നീടു് അറബിക്കാർ മഹാദേവർ പട്ടണം നശിപ്പിച്ചതു മുതൽ അങ്കമാലയും ആയിരുന്നു. എന്നാൽ അവരുടെ കുടുംബം ഏതോ കാരണവശാൽ തെക്കോട്ടു പുറപ്പെട്ടു കുറവിലങ്ങാട്ടു അടുത്തുള്ള കാളികാവു ക്ഷേത്രത്തിനു സമീപം ആസ്ഥാനമുറപ്പിച്ചു. ഇതു് ഏതുകാലത്തെന്നു് ക്ലിപ്തമായിപ്പറവാൻ നിവൃത്തിയില്ല. ക്രിസ്ത്വാബ്ദം മൂന്നാമത്തെയോ നാലാമത്തെയോ ശതകത്തിൽ ആണെന്നു് കുറവിലങ്ങാട്ടു് ഒരു ഐതിഹ്യം ഉണ്ടു്. “ധരിയാസ്സന്മാർ” എന്നാണു് വന്ന ആളുകളെപ്പററി സ്ഥലത്തു പറഞ്ഞുവരുന്നതു്. മാണിക്കവാചകർ എന്ന പാണ്ഡിസ്സന്ന്യാസിയുടെ ക്ഷുദ്രപ്രയോഗത്തെ ഭയന്നു പൊയ്ക്കളഞ്ഞവർ എന്നാണു് “ധരിയാസ്സൽ” എന്ന പദത്തിന്റെ അർത്ഥമെങ്കിൽ, ഈ ഐതിഹ്യത്തിനു കുറെ വിലയുണ്ടായിരിക്കാം. എന്നാൽ ഇടക്കാലത്താണു് വടക്കുനിന്നും തെക്കോട്ടു സാമാന്യമായി ഒരു ജനപ്രവാഹം ഉണ്ടായതു്. ഈ കൂട്ടത്തിലാണു മേല്പറഞ്ഞ നാലില്ലക്കാർ തെക്കോട്ടു പോന്നതെങ്കിൽ അതു് അറബികളുടെ വരവിനു ശേഷമേ ആയിരിക്കാൻ തരമുള്ളു. സാമൂതിരിയും അറബികളുംകൂടി നസ്രാണികളുടെ കപ്പൽക്കച്ചവടം നശിപ്പിച്ചു് അവരെ ഉപദ്രവിച്ചതിനാലാണു് ഇടക്കാലത്തു (ശതാബ്ദം ൯

അഥവാ ൧൦) ഈ ജനപ്രവാഹം ഉണ്ടായത്.

കുറവിലങ്ങാട്ടു ദേശത്തു് ഈ 'ധരിയാസ്സുകൾ' വന്നു താമസിച്ചതിനെപ്പററി സ്ഥലത്തു പലതരം ഐതിഹ്യങ്ങൾ ഉണ്ടു്. അവർ കാളിക്ഷേത്രത്തിനു ചുററും കുടിപാർത്തതിലും എന്തോ അന്തസ്സാരമുണ്ടായിരിക്കാം. ഈ വീട്ടുകാരാണ് കുറവിലങ്ങാട്ടുള്ള വിശ്രുതമായ മർത്തമറിയം പള്ളി സ്ഥാപിച്ചതു്. പള്ളിയുടെ സ്ഥാപനം സംബന്ധിച്ചുള്ള ഐതിഹ്യങ്ങൾ തൽക്കാലം വിവരിക്കുന്നില്ല. (ബ. ബർണ്ണാർദച്ചൻെറ ചരിത്രഗ്രന്ഥത്തിൽ ഇവയിൽ ചിലതു ചേർത്തിട്ടുണ്ടു്.) പള്ളി വച്ചശേഷം നാലില്ലക്കാരും പള്ളിയുടെ ഇരുവശത്തും ഓരോ ഉപഗൃഹങ്ങൾ സ്ഥാപിക്കയുണ്ടായി. തറവാടു പിൽക്കാലത്തും ക്ഷേത്രസമീപത്തുതന്നെ ഇരുന്നു.

കുറവിലങ്ങാട്ടുള്ള ഈ പകലോമററം കുടുംബത്തിൽ നിന്നാണ് മലങ്കരയെ എല്ലാക്കാലത്തും ഭരിച്ചിട്ടുള്ള സഭാധ്യക്ഷന്മാർ ഉണ്ടായിട്ടുള്ളതു്. പോർട്ടുഗീസുകാർ ഇവിടെ ആദ്യം വന്നപ്പോൾ ഈ കുടുംബത്തിലെ അർക്കദിയാക്കോന്മാരായിരുന്നു മലങ്കര നസ്രാണികളുടെ നേതാക്കന്മാർ. ഈ കുടുംബത്തിലെ ഗീവറുഗീസ്, യാക്കോബു്, അലക്സന്ത്രയോസ് എന്നിങ്ങനെ മൂന്നു കത്തനാരന്മാർ പോർട്ടുഗീസുകാരുടെ വരവുകാലത്തു മലങ്കരസഭ ഭരിച്ചിരുന്നു. സത്യവിശ്വാസിയും സാത്വികനും ആയിരുന്ന മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ കാലത്തു് മലങ്കരസഭയെ ഭരിച്ചിരുന്ന പ്രസിദ്ധനായ ഗീവർഗീസ് അർക്കദിയാക്കോനും ഈ കുടുംബത്തിലെ അംഗംതന്നെ. ഇദ്ദേഹം മെനേസിസ് എന്ന പറങ്കിമെത്രാനോടു് സമനിലയിൽ എതിരിട്ടു നിൽക്കത്തക്ക മനക്കരുത്തും ജനസമ്മതവും ഉള്ള ഒരു മഹാനായിരുന്നു. ഇദ്ദേഹത്തെ പാലയൂർ മെത്രാനായി നിശ്ചയിക്കണമെന്നു് മാർപ്പാപ്പാ ആലോചിച്ചതായി കാണുന്നുണ്ടു്. ഇദ്ദേഹത്തിൻെറ ഉത്സാഹപ്രകാരം കൊച്ചിരാജാവു് പോർട്ടുഗീസുകാരുടെ ഉപദ്രവങ്ങൾ സംബന്ധിച്ചു് മാർപ്പാപ്പായ്ക്കു ൧൬൫൩-ൽ ഒരെഴുത്തയക്കയും, അർക്കദിയാക്കോൻ അങ്കമാലിയിൽ പണിയിച്ച പള്ളിക്കു പ്രത്യേക ബന്ധവിമോചനം കൊടുക്കണമെന്നു ശുപാർശ ചെയ്കയും ഉണ്ടായിട്ടുണ്ടു്. ൧൫-ാം ഗ്രീഗോരിയോസ് മാർപ്പാപ്പാ അതിനു അനുകൂലമായ ഒരു മറുപടി കൊച്ചിരാജാവിനു് അയക്കുകയും ഉണ്ടായി.

മലങ്കര സുറിയാനിക്കാരെ മുഴുവനായി ഭരിച്ച അവസാനത്തെ പകലോമററം അർക്കദിയാക്കോൻ തോമ്മാ എന്നയാൾ ആയിരുന്നു. ഈ തോമ്മാ അർക്കദിയാക്കോനെയാണ് പന്ത്രണ്ടു കത്തനാരന്മാർകൂടി അങ്കമാലിയിൽവച്ചു മലങ്കര മെത്രാനായി നിശ്ചയിച്ചതു്. തൻമൂലം മലങ്കരസഭ പുത്തൻകൂർ പഴയകൂർ എന്നിങ്ങനെ രണ്ടായി പിരിയുകയും, തോമ്മാ പുത്തൻകൂറിൻെറ ഒന്നാം തോമ്മാ മെത്രാനായിത്തീരുകയും ചെയ്തു. അതേ കുടുംബത്തിൻെറ വേറൊരു ശാഖയിലുള്ള അലക്സന്ത്രയോസു കത്തനാർ പഴയകൂററുകാരുടെ മെത്രാനായും തീർന്നു. ഇദ്ദേഹമാണ് "അലക്സാണ്ടർ ഡി കാമ്പോ" എന്നു പറയുന്ന പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ. ഇദ്ദേഹത്തിൻെറ കാലശേഷം മത്തായി എന്നൊരു അർക്കദിയാക്കോനല്ലാതെ, പഴയകൂററുകാർക്ക് ആ കുടുംബത്തിൽനിന്നും മററു മതാധ്യക്ഷന്മാർ ഉണ്ടായിട്ടില്ല. പുത്തൻകൂററുകാർക്കു അന്നുമുതൽ ൧൮൧൬ വരെ "മാർ തോമ്മാ" എന്ന പേരിൽ ഭരിച്ച മെത്രാന്മാർ ഒമ്പതുപേരും ഈ കുടുംബക്കാരായിരുന്നു. ഓരോ മെത്രാനും പ്രായമാകുമ്പോൾ കുറവിലങ്ങാട്ടുള്ള തൻെറ കുടുംബത്തിൽ നിന്നും (അവർ പഴയകൂററിലാണെങ്കിലു ) അനന്തിരവന്മാരെ കൊണ്ടുപോയി പട്ടംകൊടുക്കയായിരുന്നു പതിവു്. ൧൭൬൫ മുതൽ ൧൮൦൮ വരെ പുത്തൻകൂറിനെ ഭരിച്ച ആറാം മാർതോമ്മാ (വലിയ മാർ ദിവന്നാസ്യോസ്) കുറവിലങ്ങാട്ടു പള്ളി വികാരിയായിരിക്കുമ്പോളാണ്, അദ്ദേഹത്തെ തൻെറ ചിററപ്പൻ മെത്രാൻ നിരണത്തു കൊണ്ടുപോയി പുത്തൻകൂറിൻെറ മെത്രാനാക്കിയതു്. ഇദ്ദേഹം രണ്ടുകൂറുംകൂടി യോജിപ്പിച്ചു് റോമ്മയുടെ കീഴിൽത്തന്നെ നടത്തുന്നിതനുവളരെ പരിശ്രമിച്ചിട്ടുണ്ടു്. അസൂയാകാംക്ഷികളായ വിദേശി

യ മിഷ്യനറിമാരുടെ ശത്രുതയാൽ ഈ ഉദ്യമം സാധിച്ചില്ലെന്നേയുള്ളു. അന്നുണ്ടായിരുന്ന കരിയാററിൽ മല്പാൻ, പാറേമ്മാക്കൽ തോമ്മാകത്തനാർ, മാത്തു തരകൻ എന്നിവരുടേയും ഉദ്യമം ഈ പ്രകാരം വിഫലമായിത്തീൎന്നു.

ഇപ്രകാരം രാജകുടുംബങ്ങളെപ്പോലും അതിശയിക്കുമാറു പുരാതനത്വവും ചരിത്രപ്രസിദ്ധിയുമുള്ള ഈ പകലോമററം കുടുംബം ഇരുന്ന സ്ഥാനം ഇപ്പോഴും കുറവിലങ്ങാട്ടു പള്ളിയിൽനിന്നും ഒരു നാഴിക തെക്ക് മെയിൻ സെൻട്രൽ റോഡിൻെറ വക്കത്തുതന്നെയുള്ള "പാലമററം" എന്ന പറമ്പിലുണ്ടു. അതിനടുത്തുതന്നെ ശങ്കരപുരി പറമ്പുമുണ്ട്. കാളികാവ് സമീപപ്രദേശത്തുള്ള കാളികാവു ക്ഷേത്രത്തിൻെറ സമീപത്താണു. പാലമററം പറമ്പിൽ പല വലിയ ശവകുടീരങ്ങൾ കാണുന്നു. അവ അൎക്കദിയാക്കോന്മാരുടെയാണെന്നത്രേ സ്ഥലത്തെ ഐതിഹ്യം. പൂൎവ്വകാലം മുതൽ ആ ശവകുടീരങ്ങളിന്മേൽ പലരും തിരികത്തിക്കാറുണ്ട്. പല ദിക്കുകളിൽനിന്നും ആളുകൾ വന്ന് ഇതെല്ലാം കണ്ടുപോകാറുമുണ്ട്. മുടമ്പാരികൾ പുരത്തറയിൽ കുഴിച്ചുനോക്കിയപ്പോൾ തുരുമ്പുപിടിച്ച വാൾ കുന്തം മുതലായവ ഒരു നിലവറയിൽ കാണുകയുണ്ടായി.

പകലോമററംകുടുംബത്തിൻെറ ചരിത്രപ്രസിദ്ധിക്കും പൌരാഹിത്യസ്ഥിതിക്കും അനുസരണമായ ഒരുൽകൃഷ്ടസ്മാരകം ഈ സ്ഥലത്തു ഉണ്ടാകുന്നപക്ഷം മലങ്കര സുറിയാനി സമുദായത്തിൻെറ പുരാണപ്രസിദ്ധിയ്ക്കും ജീവൈക്യത്തിനും അതു മതിയായ ഒരു ലക്ഷ്യമായിരിക്കും.

പി. ജെ. തോമസ് എം. എ.
ബി. ലിററ്.

## വ്യാകുലന്മാരുടെ ആശ്വാസം
(ഗാഥ)

ഏന്തെന്നില്ലാതൊരു സന്താപമന്നെന്നെ
യന്തമില്ലാതെ വലച്ചിരുന്നു.
ഊണുമുറക്കവും കൂടാതെരന്നേ ഞാൻ
കേണു ദിനങ്ങൾ കഴിച്ചിരുന്നു.
വല്ലതുമല്പമുണ്ടായീടും വേളയി–
ലുള്ളമലിഞ്ഞെന്നെച്ചുംബിക്കുന്ന
പെററമ്മയുമെൻെറ താതനുമെന്നിൽനി–
ന്നേററം വിദൂരത്തിലായിരുന്നു.
ഉററ ബന്ധുക്കളും വീടും സ്വദേശവും
വിട്ടു ഞാൻ ദൂരെ വസിച്ചിരുന്നു.
ഏതുമൊരാശ്വാസമില്ലാതെ പാരം ഞാ–
നാതുരചിത്തയായ്ത്തീൎന്നിരുന്നു.
കൂട്ടുകാരൊത്തു വിനോദിപ്പതിന്നുമേ
ഒട്ടുമേ സന്തോഷം തോന്നിയില്ല.
ഏകാന്തവാസം ഞാനാഗ്രഹിച്ചെങ്കിലു–
മേകിയില്ലായതുമാനന്ദമേ.
വല്ലതും വായിച്ചു നേരം കഴിപ്പാനു–
മുല്ലാസം തോന്നീലതില്ലതെല്ലും
മാലകററീടുന്ന ഗാനശകലങ്ങ–
ളാലപിപ്പാനും കഴിഞ്ഞില്ലമേ.
മെല്ലെക്കരഞ്ഞിട്ടെന്നുള്ളിലെ ഭാരത്തെ
തെല്ലു കുറച്ചിടാനാശിച്ചു ഞാൻ.
കണ്ണുകൾ രണ്ടും വരണ്ടു ചമഞ്ഞിട്ടു
കണ്ണീർ പുറപ്പെടാനില്ലാതായി.
സ്നേഹിതമാരോടെൻ സങ്കടമോതുവാൻ
മോഹം വളൎന്നിതെന്നുള്ളിലേററം
ആരും പരിചയമില്ലാത്ത ദേശത്തി–
ലാരാണു സ്നേഹിതമാരു ചൊൽവാൻ!
ലേശവും പൊട്ടിപ്പുറത്തേക്കൊഴുകാതെ
നാശകരമായി വർദ്ധിക്കുന്നു
സങ്കടസാഗരമുള്ളിലടക്കിയെൻ
ശങ്കപൊട്ടീടുമെന്നോൎത്തുപോയ് ഞാൻ.
മെത്തും കദനത്താൽ ഗാത്രം തളൎന്നു ഞാൻ
മെത്തയിൽ ചെന്നങ്ങു വീണുപോയി.
നശ്വരമാമൊരീലോകത്തെയാശ്രയി–
ച്ചാശ്വാസം തേടിയോരെൻെറ ചിത്തം
സൃഷ്ടികളിൽനിന്നു പിൻവലിച്ചിട്ടു ഞാൻ
സ്രഷ്ടാവിൻപക്കലേക്കാനയിച്ചു.

"ദൈവമേ! ദീനദയാലുവാമങ്ങെന്നെ—
കൈവെടിഞ്ഞീടല്ലേ കാരുണ്യാബ്ധേ!
നിൻപദതാരിണയല്ലാതൊരാലംബം
തമ്പുരാനേ! യെനിക്കില്ല പാരം.
താങ്ങുവാൻവയ്യാത്ത ഖേദഭരത്താലെ—
ന്നംഗങ്ങളെല്ലാം തളർന്നിടുന്നു.
ത്രിത്വൈകദൈവത്തിൻ രണ്ടാമാളായുള്ള
പുത്രനെപ്പെറ്റൊരു കന്യയമ്മേ!
മൂന്നുലോകങ്ങളും സൃഷ്ടിച്ച നാഥനെ
ഉണ്ണിയായ് കയ്യിലെടുത്ത തായേ!
സ്വർഗ്ഗരാജ്യത്തിന്റെ വാതിലായ് നിന്നിട്ടു
സദ്ഗതിയാരിലും ചേർക്കുമമ്മേ!
"വ്യാകുലന്മാരുടെയാശ്വാസ"മെന്നു ഭൂ—
ലോകം സ്തുതിപ്പതു നിന്നെയല്ലോ.
അത്താൽ കാരുണ്യമേറുന്ന നിൻതിരു
നേത്രങ്ങളെന്നിൽ തിരിക്ക നാഥേ!
താവകകാരുണ്യം സിദ്ധിച്ചിടായ്കിൽമേ
ജീവിതം ഭാരമായ് തീരുമല്ലോ.
ലോകമിരുട്ടിൽ മറയുന്നു, പാപി ഞാൻ
ശോകതിമിരത്തിലാണ്ടിടുന്നു.
ചുണ്ടു വരളുന്നു, നാവു തളരുന്നു,
മിണ്ടുവാൻവയ്യാമേ പാഹിപാഹി!!"

. . . . . .

. . . . . .

ഈവിധംകേണു മിനിട്ടുകളെണ്ണി ഞാൻ
രാവു മുക്കാലും കഴിച്ചുകൂട്ടി.
ബോധമില്ലാതൊരവസ്ഥയപ്പോളെന്നെ
ബാധിച്ചിടുമ്പോലെനിക്കു തോന്നി.

* * * (ഴാം!

ദൈവമേ! കാരുണ്യവാരിധേ! കൈതൊ
കൈവന്നൊരാനന്ദമെന്തു ചൊല്ലാം!
എൻകപോലങ്ങളെ സ്പർശിച്ചൊരാ വസ്തു
തങ്കമോ? മാർദ്ദവമില്ലതിന്നു്.
ചന്ദനച്ചാറും പനിനീരുമല്ലതു
മന്ദാരവൃക്ഷത്തിൻ പൂവുമല്ല.
നന്ദനോദ്യാനത്തിൽനിന്നു പുറപ്പെട്ടു
മന്ദമായ് വീശുന്ന കാറ്റുമല്ല.
എന്മനോവേദനക്കാശ്വാസമേകുവാ—
നമ്മ നൽകീടുന്നൊരുമ്മയല്ല.
ആരോ മഹാദിവ്യനായൊരു പൈതലി—
ന്നാരോമൽ കൊച്ചുകരങ്ങളത്രേ.
ഏതു കവിക്കുമുപമാനം കിട്ടാത്ത
ചേതോഹരമായ കൊച്ചുകൈകൾ
ഒന്നിനാലെൻ കപോലങ്ങളിൽ ലീലയാ
മന്ദമന്ദം ചില താഡനങ്ങൾ
തന്നിടുംവേളയിൽ മറ്റതിൽ ചേലൊത്തു
ചേർന്നിരിക്കുന്നു വിശുദ്ധ സ്ലീവാ.
ബാലകനാരെന്ന ബോധമെനിക്കുണ്ടാ—
യാലസ്യം വിട്ടെഴുന്നേറ്റു ഞാനും
സാഷ്ടാംഗപ്രണാമം ഭക്തിപൂർവ്വം ചെയ്തു
മുട്ടിന്മേൽത്തന്നെ നിവർന്നുനിന്നു.
ഈരേഴു ലോകത്തിൻ സൃഷ്ടിസ്ഥിതിലയ
കാരണമായുള്ള നേത്രയുഗ്മം
കാരുണ്യകല്ലോലം തത്തിക്കളിക്കുന്ന
വാരിധിയായുള്ള ത്വൽകടാക്ഷം
എന്നിൽ പതിച്ച വിശുദ്ധ വിനാഴിക
എന്നെന്നേക്കും സ്മരണീയമല്ലോ.
കോമളമാം ചെറുചുണ്ടിൽ പരക്കുന്നൊ—
രോമനപ്പുഞ്ചിരിപ്പൂനിലാവിൻ
കൗതുകപൂരത്തെയെങ്ങിനെ ചൊല്ലുണ്ടു
തൂലിക-നിർജ്ജീവവസ്തുവല്ലേ?
ചെമ്മേ ചലിച്ചാമനോഹരച്ചുണ്ടുക—
"ളമ്മേ!"യെന്നൊന്നു വിളിച്ചനേരം
വിദ്യുല്ലതിക പറന്നുടക്കുംവിധ—
മദ്ദിക്കിൽ കണ്ടൊരു ദീപ്തിപൂരം.
ക്രോബേമാലാഖമാരാകാശവീഥിയിൽ
ശോഭ കലർന്നു നിരന്നുടനെ
താളവുംമേളവും കാഹളധ്വാനവും
നീളവേ ഗാനവും കേട്ടിതപ്പോൾ
അംബരന്നങ്ങിനെന്നിന്നു ഞാനപ്പോഴെൻ
മുമ്പിൽ കണ്ടായൊരു തേജഃപുഞ്ജം.
ഭാസ്കരനെ വെന്ന കാന്തിപടലത്താൽ
തിക്കാമാ ഈവിധം നാരീരൂപം!!
ദിക്കാകെ ദീപ്തിപൂരത്താൽ വെളുപ്പിച്ചു
നില്ക്കുന്ന ചന്ദ്രനീ സുന്ദരിക്ക്
കാല്ക്കൽ മെതിയടിയായി മരുവുന്നു
നക്ഷത്രജാലം കിരീടമായും.
ദിവ്യനാം ബാലകനന്നാവിളിച്ചോരു
ഭാഗ്യജനനിയീ നാരിതന്നേ.
പുത്രനെ മെല്ലെ കരത്തിൽ വഹിച്ചുകൊ—
ണ്ടെത്രയും വാത്സല്യപൂർവ്വമെന്നിൽ
നേത്രങ്ങൾ മന്ദംതിരിച്ചു കടാക്ഷിച്ച
മാത്രയിൽ രൂപം ഞാൻമാറിക്കണ്ടു.
ബാലകൻ കയ്യിൽവഹിച്ച കുരിശൊരു
ശൂലമായമ്മതൻ മാറിൽക്കണ്ടു.
ഒന്നല്ല ശൂലങ്ങളേഴുതറഞ്ഞതി
ഖിന്നമായുള്ളൊരാ മാറിടത്തിൽ (ൾ
എന്നെപ്പിടിച്ചൊന്നു ചേർത്തുപുണർന്നപ്പ—
വന്നൊരാനന്ദം ഞാനെന്തുചൊൽവൂ!!
സ്വർഗ്ഗരാജ്യത്തിലസൂയയുണ്ടാമെങ്കിൽ
തർക്കമില്ലാസ്ഥിതി കണ്ടനേരം

ആകവേ വാനവരെന്നിലസൂയപ്പെ-
ട്ടാകുലപ്പെട്ടിട്ടുണ്ടായിരിക്കാം.
"ഓമനേ! എന്തു നീയീവിധമേറ്റമേ
സീമയില്ലാതെ വിലപിക്കുന്നു?
ശാശ്വതമല്ലയിഹത്തിലെ സങ്കട-
മാശ്വസിച്ചീടുക വത്സലേ! നീ.
എന്നുടെശങ്കിലേ ഏഴുശൂലങ്ങളി-
ലൊന്നിനോടിന്നിതു തുല്യമാമോ?
നന്മനസ്സോടിച്ചെറിയ കുരിശിനേ
എൻമകളേ! നീ ചുമന്നുകൊൾക.
ഏറിടും നിൻ ക്ഷമകേടിനാൽ നീയതു
ഭാരപ്പെടുത്താതെ കാത്തുകൊൾക.
അല്ലലിൽപ്പെട്ടു നീ നട്ടം തിരിയവേ
കില്ലൊടിഞ്ഞെന്നെയാശ്രയിച്ചാൽ (മോ?
ചെല്ലമേ! നിന്നെ ഞാൻ കൈവെടിഞ്ഞീടു
ഇല്ല; നീ സംശയിക്കേണ്ടതെല്ലാം.
ഒട്ടല്ലാതുള്ളൊരീ സങ്കടത്തിൽനിന്നെ-
യൊട്ടു തണുപ്പിച്ചുകൊള്ളുവാനായ്
വിട്ടുഞാനിങ്ങേയേ മുന്നമേ; പിന്നെനിൻ
മട്ടുകണ്ടീടുവാൻ നിന്നു ഞാനും.
'വ്യാകുലന്മാരുടെയാശ്വാസം' ഞാൻതന്നേ
യാകുന്നു; വിശ്വസിച്ചീടുക നീ.
കാർമ്മേഘം നീങ്ങിയാകാശം തെളിഞ്ഞിട്ടും
നിർമ്മലമാം ശരത്താഗമിക്കും.
ഇമ്മഹാമാരിയാൽ ഭീതിപ്പെടേണ്ട; നിൻ
സമ്മോദകാലം വിദൂരമല്ല.
ആശീർവ്വാദം നിനക്കേകുന്നേനോമനേ!
ആശ്വസിച്ചീടുക പോകട്ടെ ഞാൻ"
ഏവം പറഞ്ഞെന്നെ വിട്ടതിവേഗത്തിൽ
ദേവ്യാവിലുമന്നാമനോഹരാംഗി. (ൻ
"കഷ്ടമേ! പോയല്ലോ കൈവന്ന ഭാഗ്യമെ
ദിഷ്ടക്കേടെ"ന്നു ഞാൻ കേണിടുമ്പോൾ
പെട്ടെന്നുണ്ടായ മണിനാദം കേട്ടു ഞാൻ
ഞെട്ടിയുണർന്നുപോയ്; സർവ്വം ശുഭം.

മേരി ജോൺ തോട്ടം.

## വി. ഗൌറിയേൽ പൊസേന്തി.

### IV.

മുകളിൽപ്പറഞ്ഞ സംഭവം കഴിഞ്ഞുവന്ന രണ്ടാമത്തെ ആഴ്ചയിലായിരുന്നു ഈശോസഭക്കാരുടെ കോളേജിലെ വിദ്യാർത്ഥി സമാജത്തിന്റെ വാർഷികയോഗം. ഇതിൽ ഫ്രാൻസിസ് നേരത്തെ ഒരു പ്രസംഗം ഏററിരുന്നു. ആ കൊല്ലത്തെ കോളേജ് സമാജത്തിന്റെ അവസാന ദിവസം ഫ്രാൻസീസിന്റെ ആഡംബര ജീവിതത്തിന്റെയും അവസാനദിനമായിരുന്നു. ഇതിനിടയ്ക്കു അദ്ദേഹം പുതിയ ജീവിതത്തിൽ പ്രവേശിക്കുന്നതിനുള്ള നടപടികൾ മുറയ്ക്കാരംഭിച്ചുകഴിഞ്ഞു. പിതാവിൽനിന്നുള്ള അനുമതി മിക്കവാറും വാങ്ങി ആത്മഗുരുവിൽനിന്നു വേണ്ട ഉപദേശങ്ങൾ ലഭിച്ചു. പാഷ്യനിസ്റ്റ് സന്യാസികളുടെ ആശ്രമശ്രേഷ്ഠനുമായി എഴുത്തുകുത്തുകൾ നടത്തി. എന്നാൽ ഈ വർത്തമാനങ്ങളൊന്നും അന്യചെവിയിൽ എത്തുപെടാതിരിക്കുന്നതിനു അയാൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മന്ദസ്മിത മുഖകമലത്തോടും അലംകൃതവസ്ത്രങ്ങളോടും കൂടിയാണ് ആ ദിവസങ്ങളിലും അദ്ദേഹം സ്നേഹിതന്മാരുടെയിടയിൽ കാണപ്പെട്ടിരുന്നതു്. എന്നാൽ ഈ അലങ്കാരവേഷത്തിനടിയിൽ ഒരു രോമച്ചട്ടയും ധരിച്ചിരുന്നു.

കടശി പ്രസംഗദിവസം ആഗതമായി. കോമളരൂപനായി, വിശേഷ വസ്ത്രഭൂഷിതനായി, പ്രസന്നവദനനായി, ഫ്രാൻസീസു പ്രസംഗമണ്ഡപത്തിൽ പ്രവേശിച്ചു. അത്യുന്നത ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ ആദ്ധ്യക്ഷത്തിൽ കൂടിയിരുന്ന ആ മഹാസംഘത്തെ നോക്കി പുഞ്ചിരി തൂകിക്കൊണ്ടുനിന്ന ആ മനോഹര പുരുഷൻ, സന്യാസാശ്രമത്തിന്റെ ചുവരുകൾക്കുള്ളിൽ തപോജീവിതം ആശ്ലേഷിച്ചു, കുടത്തിനകത്തെ ദീപംപോലെ കാലംകഴിക്കുമെന്നു് അപ്പോൾ ആരാണു വിചാരിച്ചതു്? ഈ യുവാവിനെ കണ്ടമാത്രയിൽ എല്ലാവരും കുറേനേരത്തേക്കു നിശ്ചലരായി ഇരുന്നുപോയി. അദ്ദേഹത്തിന്റെ മധുരസ്വരം വിസ്തൃതമായ ആ ശാലയിൽ മുഴങ്ങിത്തുടങ്ങി. സദസ്സിൽ അകപ്പാടെ ഭീമമായ ഒരു നിശ്ശബ്ദത വ്യാപിച്ചു. ഭാഷാരീതികൊണ്ടും,

വാഗ്ധാടികൊണ്ടും ആശയങ്ങളുടെ ഗാംഭീര്യംകൊണ്ടും അദ്ദേഹം സദസ്യരേവരേയും അപഹൃതചിത്തവൃത്തികളാക്കിത്തീര്‍ത്തു. സന്തോഷാധിക്യത്താല്‍ ഇളകിവശായ ജനങ്ങള്‍ പ്രസംഗത്തിനിടയില്‍ ഹസ്തതാഡനാദി കോലാഹലങ്ങള്‍ പ്രദര്‍ശിപ്പിച്ചുകൊണ്ടിരുന്നു. ദലഗാദ്ധതിരുമനസ്സുപോലും പ്രസംഗത്തെ ശ്ലാഘിച്ച് പലതും സംസാരിക്കുകയുണ്ടായി. ഇപ്രകാരം ഫ്രാന്‍സീസു തന്‍റെ അവസാനയരങ്ങേറവും സ്തുത്യര്‍ഹമായി കഴിച്ചു.

സംഘം പിരിഞ്ഞയുടനെ ഫ്രാന്‍സീസ് സ്നേഹിതന്മാരോടും മററും യാത്ര പറഞ്ഞു. ഗൌരവത്തോടുകൂടെയുള്ള ഈ യാത്രപറച്ചില്‍ കണ്ട് അവര്‍ അത്ഭുതപ്പെട്ടു. "ഇത്ര പെട്ടെന്നെങ്ങോട്ടാണു പോകുന്നത്" എന്നു അവര്‍ ഉല്‍കണ്ഠാപൂര്‍വ്വം ചോദിച്ചു. "നാളെ ഒരുവഴി പോകാനുണ്ട്' എന്നുമാത്രം അദ്ദേഹം ഉത്തരിച്ചു. "ആശ്വാസത്തിനായി നാട്ടുമ്പുറങ്ങളിലേക്കു പോകുകയാണല്ലേ" എന്ന അവരുടെ ചോദ്യത്തിന് 'അതേ' എന്നു മറുപടി പറഞ്ഞ് വേഗം അവിടം വിട്ടുപോയി. അതേ, അദ്ദേഹം സാക്ഷാലുള്ള ആശ്വാസം– ശാശ്വതമായ ആശ്വാസംതന്നെയാണു അന്വേഷിച്ചുപോയത്.

പിറേറന്നാള്‍ അതിരാവിലെ എണീററു പിതാവിന്‍റെ അനുഗ്രഹവും വാങ്ങി മൊറോവാല്ലെ (Morrovalle) എന്ന സ്ഥലത്തുള്ള പാഷ്യനിസ്റ്റ് സന്യാസാശ്രമത്തിലേയ്ക്കു യാത്രപുറപ്പെട്ടു. വഴിമദ്ധ്യേ പരിശുദ്ധ കന്യക മറിയത്തിന്‍റെ വാസത്താല്‍ പരിപാവനമാക്കിച്ചെയ്യപ്പെട്ട ലോരേത്തെന്ന സ്ഥലത്തുള്ള തിരുഭവനം സന്ദര്‍ശിക്കുകയും അവിടെവെച്ചു ഒരു മുഴുവന്‍കുമ്പസാരം കഴിക്കുകയും ചെയ്തു. ഈ യാത്രയില്‍ പിതാവിന്‍റെ അവശ്യപ്രകാരം ചില ചാര്‍ച്ചക്കാരുടെ വീടുകളിലും പോകയുണ്ടായി. അവരൊക്കെ പരീക്ഷിക്കുന്നതിനോ എന്തോ പരിഹാസങ്ങളും ശകാരങ്ങളും അദ്ദേഹത്തിന്‍റെമേല്‍ ധാരാളം വര്‍ഷിച്ചു. എന്നാല്‍ അവരുടെ ഭീഷണികള്‍കൊണ്ടൊന്നും ഫ്രാന്‍സീസിനു ഒരുകുലുക്കവുമുണ്ടായില്ല. ദൈവസ്നേഹം ഹൃദയത്തില്‍ ഒന്നിനൊന്നു വര്‍ദ്ധിക്കുന്നതിനവ കാരണമായതേയുള്ളൂ. നാലുദിവസത്തെ യാത്രയുടെശേഷം അദ്ദേഹം നിശ്ചിതസ്ഥലത്തെത്തുകയും അവിടത്തെ ആശ്രമശ്രേഷ്ഠനാല്‍ സന്തോഷപുരസ്സരം സ്വീകരിക്കപ്പെടുകയും ചെയ്തു.

ഈ വര്‍ത്തമാനം കാട്ടുതീപോലെ നാട്ടിലെങ്ങും പരന്നു. ആയിടെ പട്ടണത്തിലെവിടെയും ഈ സംസാരമേ കേള്‍പ്പാനുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്‍റെ ഉപാദ്ധ്യായന്മാര്‍പോലും ഇതൊരത്ഭുതസംഭവമായിട്ടാണു ക്ലാസില്‍ അറിയിച്ചത്. എന്നാല്‍ ഈ ബഹളമെല്ലാം പെട്ടെന്നു ശമിച്ചു. ഏതാനും ദിവസങ്ങള്‍ കഴിഞ്ഞതോടുകൂടി ഈ കാര്യം അവരുടെ മനോദര്‍പ്പണത്തില്‍നിന്നു മറഞ്ഞു. പിന്നത്തെ ജീവിതത്തെപ്പററി ലോകം ലേശംപോലും ഗൌനിച്ചതേയില്ല. ഫ്രാന്‍സീസാകട്ടെ ഈ സംഭവങ്ങള്‍ ഒന്നും അറിയാതെ ധ്യാനത്തില്‍ ഏര്‍പ്പെട്ടിരുന്നു.

അതിജാഗ്രതയോടുകൂടെ ഒരു നല്ല ധ്യാനം കഴിച്ചതിന്‍റെശേഷം ൧൮൫൬-ാം കൊല്ലം വ്യാകുലമാതാവിന്‍റെ തിരുനാള്‍ ദിവസമായ സെപ്റ്റംബര്‍ ൨൧-ാംനു സന്യാസവസ്ത്രം സ്വീകരിച്ചു നവസന്യാസജീവിതം ആരംഭിക്കയും, പ്രസ്തുത സഭാനിയമമനുസരിച്ച് അന്നേ ദിവസം പഴയ പേരുമാറി വ്യാകുലമാതാവിന്‍റെ ഗബ്രിയേല്‍ എന്ന നാമമെടുക്കയും ചെയ്തു. ഈ വേഷപ്പകര്‍ച്ചകള്‍ ഹൃദയത്തിലുണ്ടായ മാററങ്ങളുടെ ഏതാണ്ടൊരടയാളം മാത്രമേ ആയിരുന്നുള്ളൂ. അത്യധികം താന്‍ സ്നേഹിച്ചിരുന്ന ലോകത്തെപ്പററി കേള്‍ക്കുന്നതുപോലും നവസന്യാസിയായ ഗബ്രിയേലിനു വെറുപ്പായിത്തുടങ്ങി. പഴയ ജീവിതത്തെക്കുറിച്ചു പശ്ചാത്തപിക്കുന്നവെന്നും, തന്‍റെ ദുര്‍മാതൃകകളെ കണ്ടുപഠിക്കരുതെന്നും, അത്യന്തം അപകടമുള്ളതെന്നു തനിക്കു അനുഭവംകൊണ്ടു തെളിഞ്ഞിരിക്കുന്ന ദുഷ്ടക്കൂട്ടുകാര്‍, സന്മാര്‍ഗ്ഗവിരുദ്ധങ്ങളായ പുസ്തകങ്ങള്‍, നാടകശാലകള്‍ മുതലായവയില്‍നിന്നു അകലുന്നതിന്നു പ്രത്യേകം സൂക്ഷിക്കണമെന്നും സ്നേഹിതന്മാര്‍ക്കു അയച്ച എഴുത്തുകളില്‍ ശക്തിയായി പ്രസ്താവിച്ചിരുന്നു. ഈ ഉപദേശത്തിന്‍റെ

ഗൗരവം ഇക്കാലത്തുള്ള യുവാക്കന്മാർ നന്നായി അറിഞ്ഞു പ്രവൎത്തിച്ചിരുന്നെങ്കിൽ ഭൂമുഖത്തിന്റെ സ്ഥിതി ഇപ്പോഴത്തേതിൽ നിന്നു എത്ര വ്യത്യാസപ്പെട്ട ഒന്നായിരുന്നേനേ! ഈ ഭയങ്കര രാക്ഷസന്മാരുടെ കൈയിൽപെട്ടു വലയുന്ന ചെറുപ്പക്കാൎക്കു നമ്മുടെ ഗബ്രിയേൽ ഒരുത്തമ മാതൃകയായിത്തീരുമാറാകട്ടെ!

സന്യാസാശ്രമത്തിൽ പ്രവേശിച്ചുടൻ തന്നിലുണ്ടായിരുന്ന ദുൎഗ്ഗുണങ്ങളെ ഓരോന്നായി ഉന്മൂലനം ചെയ്യുന്നതിന്നും അതിനു വിപരീതങ്ങളായ സൽഗുണങ്ങളെ സമ്പാദിക്കുന്നതിന്നും ഗബ്രിയേൽ നിരന്തരമായി ശ്രമംതുടങ്ങി. സ്വാതന്ത്ര്യത്തെ അതിയായി അഗ്രഹിച്ചിരുന്ന അദ്ദേഹത്തിന് അധികാരികളുടെ എല്ലാ ആജ്ഞകളേയും അനുസരിക്കുന്നതിന് ആദ്യം ചില ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും, ക്രമേണ അഭ്യാസത്താൽ അതു വളരെ എളുപ്പമായിത്തീൎന്നു. സുഖസന്തോഷങ്ങളിലേക്കു ചാഞ്ഞിരുന്ന മനസ്സിനെ ആശാനിഗ്രഹങ്ങളാലും തപഃക്രിയകളാലും കീഴടക്കി. ഇതിനുംപുറമേ മിശിഹായുടെ ഈ യുവയോദ്ധാവ് കഠിനമായ പരീക്ഷകളോടും പോരാടേണ്ടതായിരുന്നു. എന്നാൽ ഈ ശത്രുക്കളോടൊക്കെയും സധൈൎയ്യം പൊരുതിനിന്നതിനാൽ പുണ്യത്തിൽ ദൈനംദിനം അഭിവൃദ്ധിപ്രാപിച്ചു "സന്യാസജീവിതത്തിൽ പ്രവേശിച്ചതിൽപിന്നെ കുമ്പസാരത്തിനു വിഷയമാകത്തക്ക യാതൊരു വീഴ്ചകളും ഇദ്ദേഹത്തിൽ കാണപ്പെട്ടിരുന്നില്ല" എന്ന് ആത്മഗുരു പറഞ്ഞിരിക്കുന്നതിൽനിന്നു എത്രയോ പരിപാവനമായ ഒരു ജീവിതമാണ് അദ്ദേഹം അവിടെ നയിച്ചിരുന്നതെന്നു ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. സ്പൊലേത്തോ നഗരത്തിലെ ഉല്ലാസപ്രിയന്മാരായ ചെറുപ്പക്കാരുടെ നായകസ്ഥാനം കയ്യേറ്റു, തെരുവീഥികളിൽക്കൂടെ ചുറ്റിസ്സഞ്ചരിച്ചു നടന്നിരുന്ന ഈ യുവാവ് ഇത്രപെട്ടെന്നു പുണ്യപരിപൂൎണ്ണതയുടെ ഉന്നതപദവിയിൽ പ്രവേശിച്ചതെങ്ങിനെയാണു? സൽഗുണങ്ങൾ താനെ ഒഴുകിവന്നു ഇദ്ദേഹത്തിൽ കയറിയതായിരിക്കുമോ? അല്ലല്ല, ഒരിക്കലുമല്ല. തന്റെ നിരന്തര പരിശ്രമംമൂലം തന്നെയാണു ഈ സ്ഥിതിയിലെത്തുവാൻ ഇടയായതു്.

ഹാ! സുകൃതജീവിതത്തിലേയ്ക്കുള്ള വഴി നാം വിചാരിക്കുന്നതുപോലെ അത്ര വിഷമമുള്ളതല്ല. "എന്റെ നുകം ഇമ്പമുള്ളതും എന്റെ ചുമടു ഭാരം കുറഞ്ഞതുമാണ്" എന്നല്ലയോ നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. സദുദ്ദേശ്യത്തോടും സ്ഥിരോത്സാഹത്തോടുംകൂടെ പരിശ്രമിക്കുന്ന ഏവനും വിജയം നിശ്ചയമാണ്. നല്ലമനസ്സുണ്ടാകുമ്പോൾ ദൈവസഹായവും താനെവന്നുകൊള്ളും. എത്രതന്നെ വീഴ്ചകളും പ്രതിബന്ധങ്ങളും ഉണ്ടായാലും അധൈൎയ്യപ്പെടാതെ മുമ്പോട്ടുപോകുന്നവൻ അതിശീഘ്രത്തിൽ വിജയിയായി ഭവിക്കും. യുദ്ധം കാണുമ്പോൾ പുറകോട്ടു പായുന്ന പടയാളി ആ നാമത്തിന്നു അർഹനല്ലെന്നു പറയേണ്ടതില്ലല്ലോ.

റവ. ജോസഫ് തെക്കേമുറിയിൽ.

## അച്ചാ എനിക്കും വേദസാക്ഷിയാകണം. *

മണി ഒൻപതര കഴിഞ്ഞു. സെന്റു ജോസഫ്സ് സ്കൂൾമാനേജർ ഫാദർ നിക്കൊളാവോസ് പാഠശാല മുറസ്സുള്ള പഠനം ആരംഭിക്കുന്നതിനു മുൻപായി പതിവിൻപ്രകാരം ഏതാനും കുട്ടികളെ വേദപാഠം സാന്മാൎഗ്ഗികോപദേശങ്ങളോടു ഘടിപ്പിച്ചു രസജ്ഞനകമാംവണ്ണം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളിൽ ഭൂരിപക്ഷവും കത്തോലിക്കമതാനുസാരികളും, ചുരുക്കം ചിലർ ഇതരമതസ്ഥരും,

* ഒരു യഥാൎത്ഥസംഭവത്തെ അടിസ്ഥാനമാക്കി എഴുതിയതു്.

എന്നാൽ ഈ വേദപാഠക്ലാസിൽ സംബന്ധിക്കുന്നതുകൊണ്ട് ആത്മീയമായും സാമ്പത്തികമായും പലവിധ ഗുണം സിദ്ധിക്കാവുന്നതാണെന്നു കണ്ട് രക്ഷകർത്താക്കന്മാരോടു സമ്മതപത്രം വാങ്ങിക്കൊണ്ടു വന്ന് പ്രസ്തുത വൈദികന്റെ അനുവാദവും പ്രത്യേക വാത്സല്യവും സമ്പാദിച്ചിട്ടുള്ളവരും ആകുന്നു. ആ പള്ളിക്കൂടത്തിൽ പഠിക്കാത്ത മററു ചിലരും വേദപാഠക്ലാസിന്നു പതിവായി ഹാജരായിക്കൊണ്ടിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. പ്രസ്തുത വൈദികൻ ആ വാത്സല്യ ശിഷ്യസമൂഹത്തെ പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ പഠിപ്പിച്ച് കൃതകൃത്യതയണഞ്ഞുകൊണ്ടിരിക്കുന്നതിന്നിടയിൽ പാഠശാലാവളപ്പിനു അല്പം ദൂരെയായി ഒരു കലഹകോലാഹലം കേൾക്കാറായി. ഇതു തനിക്കു പരിചയമുള്ള ചില കുട്ടികളുടെ ശബ്ദം പോലെ അദ്ദേഹത്തിനു തോന്നി എങ്കിലും അതിൽ അത്ര ശ്രദ്ധിക്കാതെ തന്റെ കൃത്യത്തെ തുടർന്നുകൊണ്ടിരുന്നു. ക്രമേണ പ്രസ്തുത ലഹളക്കാർ പാഠശാലാവളപ്പിന്റെ വാതുക്കൽ ആയി. ചിലർ വിജയഭാവം നടിച്ച് തുള്ളിച്ചാടുകയും മററു ചിലർ ശബ്ദം വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇത്രയും ആയപ്പോൾ ഗുരു തന്റെ ശ്രദ്ധയെ അവിടേക്കു പതിച്ചു. തന്റെ വേദപാഠക്ലാസിൽ മുറക്കു വന്നു പഠിക്കുന്നവരുടെ ഒരു സംഘം തന്നെ അതെന്നു ബോദ്ധ്യമായി. അവർ പുതിയ ഒരു കുട്ടിയെ ബലാൽക്കാരമായി കൂട്ടിക്കൊണ്ടു വരികയാണെന്നും മനസ്സിലായി. ആ ബാലൻ കൂട്ടുകാരുടെ പിടിവിടുവിച്ച് ഓടിപ്പോകുന്നതിന്നു ശ്രമിക്കുന്നുണ്ട്. എന്നാൽ അവർ ഭഗീരഥപ്രയത്നം ചെയ്ത് ഒരു പ്രകാരത്തിൽ അവനെ ക്ലാസിൽ കയററി. അനന്തരം ആ വൈദികൻ പ്രസ്തുത ബാലനോട് ചില കുശലപ്രശ്നങ്ങൾ ചോദിച്ചു. പലതും പല പ്രാവശ്യം ആവർത്തിച്ചു ചോദിച്ചിട്ടും ഒരു മറുപടിയും കിട്ടിയില്ല. ആ ബാലന്റെ മുഖം ഭയവിഹ്വലമായി കാണപ്പെട്ടു. ഭയംകൊണ്ടാണ് ഉത്തരം പറയാത്തതെന്നു ഗ്രഹിച്ച ഗുരു ആ കുട്ടിയുടെ അടുത്തു ചെന്ന് അവനെ പിടിച്ചിരുത്തി താനും അടുത്തിരുന്ന് പുറത്തു തലോടിക്കൊണ്ട്, മാതൃവാത്സല്യത്തോടെ "കുട്ടീ! എന്നോടു പറയൂ. കുഞ്ഞിന്റെ പേരെന്താണ്?" എന്നു ചോദിച്ചു. ഇത്രയുംകൊണ്ട് അധികം ഭയപ്പെടേണ്ട ആവശ്യമില്ലെന്ന് ഗ്രഹിച്ചു. എങ്കിലും ഭയം നിശ്ശേഷം വിട്ടുമാറിയിട്ടില്ലാത്ത ആ ബാലൻ "ജോസ്" എന്നു മാത്രം നിശ്വസിച്ചു. ആ ബാലന്റെ വസ്ത്രം തീരെ മുഷിഞ്ഞും ദേഹം വളരെ മലിനമായും ഇരുന്നു. ഗുരു ആ ബാലനേയും കൂട്ടിക്കൊണ്ടു തന്റെ മുറിയിൽ ചെന്ന് അവനുമായി അല്പനേരം സംഭാഷിച്ചതിൽനിന്നു താഴെപ്പറയുന്ന വസ്തുതകൾ ഗ്രഹിച്ചു.

ആ ബാലനു മാതാപിതാക്കന്മാരോ ബന്ധുക്കളോ ആരുംതന്നെ ഇല്ല. അവൻ രാത്രി ഉറങ്ങുന്നതു തെരുവിലുള്ള വല്ല കെട്ടിടങ്ങളുടേയും വരാന്തയിലാണ്. അവനു എഴുതുന്നതിനോ വായിക്കുന്നതിനോ അറിഞ്ഞുകൂടാ. പാഠശാലയിൽ അവന്റെ ഇന്നത്തെ പ്രവേശനം ഇദംപ്രഥമമത്രേ. വയസ്സു പത്തു കഴിഞ്ഞു. മാതാപിതാക്കന്മാർ ശൈശവദശയിൽ ഇവനെ വിട്ടുപിരിഞ്ഞു കാലഗതിയണഞ്ഞു. ചില യാത്രക്കാർക്കു റയിൽസഞ്ചികളും മററും ബോട്ടുകടവു വരെയും റെയിൽവേസ്റ്റേഷൻ വരെയും കൊണ്ടുചെന്നു കൊടുത്തു കിട്ടുന്ന ആദായംകൊണ്ടു നിത്യത കഴിച്ചുവരുന്നു.

ഇത്രയും വസ്തുതകൾ അവനിൽനിന്നു ഗ്രഹിച്ചതിന്റെ ശേഷം ഇനി എന്നും വേദപാഠക്ലാസിൽ വരാമെന്നു അവനെക്കൊണ്ടു സന്തോഷപൂർവ്വം സമ്മതിപ്പിച്ചുവിട്ടു അവനു രക്ഷകർത്താവായി ആരും ഇല്ലെന്നിരുന്നാലും, അവനും ദിവ്യരക്ഷകന്റെ തിരുരക്തത്താൽ വീണ്ടുരക്ഷിക്കപ്പെട്ടവനാണെന്നും ആ തിരുരക്തത്തിന്റെ വില അവനിലും ഫലപ്രദമാക്കിത്തീർക്കണമെന്നും ഗുരു നിശ്ചയിച്ചു.

പിന്നീടു ആ ബാലൻ എല്ലാ ദിവസവും നിവൃത്തിയുള്ളിടത്തോളം വൃത്തിയായി കൃത്യസമയത്തിനു മുൻപുതന്നെ പള്ളിക്കൂടത്തിൽ വരിക പതിവായിത്തീർന്നു. വൈദികൻ ചില വേദസാക്ഷികളുടെ ചരിത്രവും മററും അനുഭവസ്ഥനെ

ന്നപോലെ വർണ്ണിച്ചു കൊണ്ടിരിക്കുമ്പോൾ ഈ ബാലൻ സന്ദർഭോചിതപ്രകാരങ്ങളെ മുഖത്തു പ്രകാശിപ്പിച്ചുകൊണ്ട് താടിയെ തലയുടെ ഭാരത്തോടുകൂടി വലതുകൈയിൽ താങ്ങി, മടിയിൽ വച്ചിരിക്കുന്ന ഇടതു ഉള്ളകൈയിൽ വലതുകൈയുടെ മുട്ടും ഊന്നി ഗുരുവിന്റെ മുഖത്തുനിന്നു ദൃഷ്ടി മാററാതെ അത്യൽക്കണ്ഠയോടെ ഉററുനോക്കി ശ്രദ്ധിച്ചുകൊണ്ടിരിക്കും. വേദസാക്ഷികളുടെ ചില സങ്കടഫലങ്ങളെ വർണ്ണിക്കുമ്പോൾ കണ്ണീർ പൊഴിക്കുകയും, ചിലപ്പോൾ സഹതാപം ദുസ്സഹമായി വാവിട്ടു നിലവിളിക്കയും ചെയ്യാറുണ്ട്. അതുപോലെ അവരുടെ ഭാഗ്യഫലങ്ങളെ വിവരിക്കുമ്പോൾ ഈ ബാലൻ അത്യാനന്ദസാഗരത്തിൽ മുഴുകി താൻ ക്ലാസിൽ ഇരിക്കയാണെന്നു പോലും ഓർമ്മിക്കാതെ തുള്ളിച്ചാടി ആർത്തുവിളിക്കയും സാധാരണമാണ്.

(തുടരും.)

എം. ജോസഫ് വാദ്ധ്യാർ.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

ഡൊമ്നിക്ക് സാവ്യോ.

4. കാസൽനോവാ വിദ്യാലയം.

ഡൊമ്നിക്കിനു വയസ്സു പത്തു കഴിഞ്ഞിരിക്കുന്നു. മുരിയാൽദോയിലെ പ്രാഥമികവിദ്യാലയത്തിലെ പഠനങ്ങളെല്ലാം കഴിഞ്ഞു. ഉയർന്നവിദ്യാഭ്യാസത്തിനുള്ള പള്ളിക്കൂടങ്ങൾ അവിടെയില്ല; കുട്ടിയെ ദൂരദേശത്തുവിട്ടു പഠിപ്പിക്കുന്നതിനു മാതാപിതാക്കന്മാരുടെ ധനസ്ഥിതി അനുവദിക്കുന്നുമില്ല. ഏറാറം അടുത്തുള്ള കാസൽനോവാ ഹൈസ്കൂളിലേക്കു ഡൊമ്നിക്കിന്റെ വീട്ടിൽനിന്നു രണ്ടുമൈലിൽ അധികം അകലമുണ്ട്. യൂറോപ്പിലെ കാലദേശാവസ്ഥകൾ കൊണ്ടു അത്രയും ദൂരം പ്രതിദിനം നടന്നുപോയി പഠിക്കയെന്നുള്ളതു കേവലമസാദ്ധ്യമായിരുന്നതിനാൽ കുട്ടിയുടെ അപ്പൻ വളരെ ഖേദിച്ചു.



എങ്കിലും ഡൊമ്മിനിയുടെ ഉത്സാഹശീലം വൈഷമ്യങ്ങളെയെല്ലാം ജയിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ദിവസേന നടന്നുചെന്നു കാസൽനോവാ പള്ളിക്കൂടത്തിൽ ഡൊമ്മിനി പഠനം ആരംഭിച്ചു. അങ്ങനെ ഒരു ദിവസം പന്ത്രണ്ടുമണി കഴിഞ്ഞു കഠോരവെയിലത്തു നമ്മുടെ പുണ്യബാലൻ പള്ളിക്കൂടത്തിലേക്കു നടന്നുപോകയിലാണ് ഒരു യാത്രക്കാരനുമായി താഴെക്കാണുന്ന സംഭാഷണം നടന്നതു:—

യാത്രക്കാരൻ— എന്റെ കുഞ്ഞേ! ഇത്രയധികം ദൂരം തന്നേ നടന്നുപോകുവാൻ നിനക്കു ഭയമില്ലയോ?

ഡൊമ്നിക്ക— ഞാൻ തന്നേയല്ലല്ലോ. എന്റെ കാവൽമാലാഖായല്ലേ എപ്പോഴും എന്റെ കൂടെയുള്ളതു.

യാത്രക്കാരൻ— (ആശ്ചര്യഭരിതനായി വീണ്ടും) ആട്ടെ. എന്നാലും ഈ പൊരിയുന്ന വെയിലത്തു ഇക്കണ്ട വഴയെല്ലാം നടന്നുപോകുന്നതു വലിയ ബുദ്ധിമുട്ടല്ലേ?

ഡൊമ്നിക്ക— നല്ല പ്രതിഫലം തരുന്ന യജമാനനു വേണ്ടി ബുദ്ധിമുട്ടാൻ എന്തു വിഷമമാണുള്ളതു?

യാത്രക്കാരൻ— ആരാണ് നിന്റെ യജമാനൻ?

ഡൊമ്നിക്ക— നമ്മുടെ സ്രഷ്ടാവായ ദൈവംതന്നേ. തന്റെ സ്നേഹത്തെപ്രതി കൊടുക്കുന്ന ഒരു പാത്രം പച്ചവെള്ളത്തിനുപോലും പ്രതിസമ്മാനം തരുമെന്നല്ലേ താൻ അരുളിച്ചെയ്തിരിക്കുന്നതു്.

ഇതുകൂടി കേട്ടപ്പോൾ യാത്രക്കാരന്റെ ആശ്ചര്യം എത്രമാത്രം വർദ്ധിച്ചുവെന്നു പറയേണ്ടതില്ലല്ലോ. പത്തുവയസ്സു പ്രായത്തിൽ ഇത്ര ഉന്നതങ്ങളായ ആശയങ്ങൾ തലയിൽ കയറിയിട്ടുള്ള ഈ കുട്ടി മേലിൽ എന്തായിത്തീരുമോ എന്നു അപരിചിതൻ അപ്പോൾ വിചാരിച്ചതായി അദ്ദേഹംതന്നെ പിന്നീടു ഡോൺബോസ്കോ അച്ചനോടു പറകയുണ്ടായി.

കാസൽനോവാ പള്ളിക്കൂടത്തിലെ അദ്ധ്യാപകൻ ഡോമ്നിക്കിനെപ്പററി സാക്ഷിച്ചിരിക്കുന്നതു് കുട്ടികളെല്ലാവരും സശ്രദ്ധം വായിച്ചിരിക്കേണ്ടതാണ്.

"൧൮൫൨ ജൂൺ ൨൧-ാം-വി. ളൂയീസു പുണ്യവാന്റെ തിരുനാൾ ദിവസത്തിലാണു ഡോമ്നിക്കു സാവ്യോ ഈ പള്ളിക്കൂടത്തിൽ വന്നുചേന്നതു്. ഇതുതന്നെ ഒരു അസാധാരണ സംഭവമായി കരുതേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ മാതൃകാ വിദ്യാർത്ഥിയായ മാർ ളൂയീസിനെ ഇത്ര ശുഷ്കാന്തിപൂർവ്വം അനുകരിച്ചിട്ടുള്ള ഒരു വിദ്യാർത്ഥി ഇനി ഉണ്ടാകുമെന്നു തോന്നുന്നില്ല. കാഴ്ചയിലും പെരുമാററത്തിലും ഡോമ്നിക്കു വളരെ ശാന്തനായ ഒരു കുട്ടിയായിരുന്നു. എന്നാൽ അതോടുകൂടെ ഒരു ഗൌരവവും സൌശീല്യവും ഇടകലർന്നു വിളങ്ങിയിരുന്നു. നല്ല പരപാകവും സൽസ്വഭാവവും എപ്പോഴുമുള്ള അവന്റെ സ്വഭാവവിശേഷമായിരുന്നു. പള്ളിക്കൂടത്തിലും പുറമേയുമുള്ള അവന്റെ നടത്ത ആകൎഷിതം തോന്നിക്കുന്നതായിരുന്നു. ഡോമ്നിക്കിനെ പഠിപ്പിക്കുന്നതിനുണ്ടായിരുന്ന സന്തോഷം, പ്രായേണ ഉത്സാഹവും ബുദ്ധിയുമില്ലാത്ത മററു കുട്ടികളെ പഠിപ്പിച്ചെടുക്കുന്നതിൽ തോന്നിയിരുന്ന മുഷിച്ചിലിനും മടുപ്പിനും ഒരു പ്രതിസമ്മാനമെന്നപോലെ ഞാൻ കരുതിവന്നിരുന്നു. ആകയാൽ ഡൊമ്മിനി പേരുകൊണ്ടു മാത്രമല്ല, യഥാർത്ഥത്തിൽ സാവിയോ (വിവേകി) തന്നെ ആയിരുന്നു. പഠനത്തിലും, പുണ്യത്തിലും, സംസാരത്തിലും, സമ്പൎക്കത്തിലും, എല്ലാവിധ പ്രവൃത്തികളിലും അവന്റെ വിവേകം പ്രത്യക്ഷപ്പെട്ടിരുന്നു.

ഒരു വർഷവും നാലുമാസവും ഇവിടെ പഠിച്ചിരുന്ന കാലത്തു പഠനത്തിൽ ഉണ്ടായ അഭിവൃദ്ധി ആശ്ചര്യജനകമെന്നേ പറവാനുള്ളു. ക്ലാസിൽ ഒന്നാംസ്ഥാനവും മററു പല ബഹുമതികളും അചിരേണ അവൻ കൈവശപ്പെടുത്തി. ഇടയ്ക്കിടയ്ക്കുണ്ടായിരുന്ന പല പരീക്ഷകളിലും മാർക്കിന്റെ ആകത്തുകതന്നേ ലഭിച്ചിരുന്നു. ഈ അസാധാരണ വിജയങ്ങൾക്കെല്ലാം കാരണം ഡൊമ്മിനിയുടെ അസാമാന്യബുദ്ധിസാമർത്ഥ്യം മാത്രമല്ല, പുണ്യത്തിലും പഠനത്തിലുമുള്ള ജാഗരൂകതയുമായിരുന്നു. എത്ര നിസ്സാരസംഗതിയിലുമുള്ള സൂക്ഷ്മവും, വളരെ ദൂരം നടന്നുവരേണ്ടിയിരുന്നിട്ടും, പല ബുദ്ധിമുട്ടുകൾ നേരിട്ടിട്ടും ക്ലാസിൽ മുടങ്ങാതെ ഹാജരാകുന്നതിലുള്ള കൃത്യനിഷ്ഠയും പ്രത്യേകം പ്രശംസാൎഹമായിരുന്നു. അവൻ ഒട്ടുംതന്നെ ദേഹപുഷ്ടിയും ബലവുമുള്ള കുട്ടിയായിരുന്നില്ല; എന്നിട്ടും പ്രതിദിനം ഏകദേശം മൂന്നു മൈലുവീതം പള്ളിക്കൂടത്തിലേക്കും തിരികെയും നടന്നുകളയാമെന്നുവച്ചതുതന്നേ വിദ്യാഭ്യാസകാൎയ്യത്തിൽ അവനുണ്ടായിരുന്ന ജാഗ്രതയുടെ ലക്ഷ്യമായിരുന്നു......"

പ്രിയ കുഞ്ഞുങ്ങളേ! ഈ മാതൃകാബാലനിൽനിന്നു എത്രയോ അന്തരം നിങ്ങളിൽ ഓരോരുത്തനുമുണ്ടെന്നു ആലോചിച്ചുനോക്കി ലജ്ജിക്കുക. ഈ വിധത്തിൽതന്നേ കഴിഞ്ഞുപോയാൽ മതിയെന്നാണോ നിങ്ങൾ കരുതിയിരിക്കുന്നതു? നല്ല കുട്ടികളെ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമായിരിക്കുന്നതു കാണുമ്പോൾ ദുസ്സ്വഭാവികളായ കുട്ടികൾക്കു വലിയ അസൂയയാണ്. എന്നാൽ അവരും ശ്രമിച്ചാൽ നല്ലവരായിത്തീരാമെന്നും, അപ്പോൾ അവർക്കും ഏവരുടേയും പ്രീതിക്കു പാത്രീഭവിക്കാമെന്നും പലപ്പോഴും അവർ ഓർക്കുന്നില്ല.

നിങ്ങൾക്കു എല്ലാവർക്കുംവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിച്ചുവരുന്നുണ്ടു. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കണമേ.

എന്നു നിങ്ങളുടെ

സ്വന്തം കൊച്ചച്ചൻ.

# തിരുഹൃദയഭക്തന്മാർ ൧൯൨൬ കന്നിമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## “ചീനരാജ്യത്തിന്റെ മാനസാന്തരം.”

ഇൻഡ്യാ മഹാരാജ്യത്തിന്റെ വടക്കുകിഴക്കായി ൨൰ ലക്ഷത്തിൽപരം ചതുരശ്രമൈൽ വിസ്താരത്തിൽ കിടക്കുന്ന ഒരു പുരാതനരാജ്യമാണ് ചൈനാ. നാല്പതുകോടിയിലധികം ജനങ്ങൾ അവിടെ അധിവസിക്കുന്നുണ്ടു്. ഇൻഡ്യയുടെ അപ്പോസ്തലനായ മാർ തോമ്മാശ്ലീഹാ ചീനത്തും വേദം പ്രസംഗിച്ചിട്ടുള്ളതായിട്ടാണല്ലോ പാരമ്പര്യവൃത്താന്തം. സുറിയാനി ലിഖിതങ്ങളോടുകൂടിയ ഒരു പൂർവ്വികശിലാലേഖനം ആധുനികകാലത്തു അവിടെ കണ്ടെത്തിയിട്ടുള്ളതിൽനിന്ന് ആദിമശതകങ്ങളിൽതന്നെ ചീനത്തു ക്രിസ്തുമതം അറിയപ്പെട്ടിരുന്നതായി ചരിത്രകാരന്മാർ നിർണ്ണയിക്കുന്നു. ഏതായാലും ക്രിസ്തുമതത്തിന് ആരംഭത്തിൽ അവിടെ പ്രസ്താവ്യമായ പ്രചാരം സിദ്ധിച്ചതായികാണുന്നില്ല. പതിമൂന്നാം നൂററാണ്ടോടുകൂടിയാണു പാശ്ചാത്യമിഷ്യനറിമാർ അവിടെ പ്രവേശിച്ചുതുടങ്ങിയതു്. വിദേശിയരോടു ചൈനാക്കാർക്കു ഒട്ടുംതന്നെ അനുഭാവമുണ്ടായിരുന്നില്ലെങ്കിലും, സത്യവേദം ക്രമേണ അവിടെ അഭിവൃദ്ധിയെ പ്രാപിച്ച് ഭയങ്കര മതപീഡനങ്ങൾക്കിടയിൽപോലും അതു നാമാവശേഷമാകാതെ നാൾക്കുനാൾ ശക്തിപ്പെട്ടുവന്നു. കടശി ഇപ്പോഴത്തെ ജനാധിപത്യഭരണത്തിൽ വിദേശിയർക്കുള്ള അസ്വാതന്ത്ര്യങ്ങൾ പലതും നീങ്ങിയിട്ടുണ്ടെങ്കിലും ഇപ്പോൾ കുറേ ആഴ്ചകളായി വിദേശീയരെ ഉഛിച്ച മത്സരങ്ങൾ അവിടെ ആരംഭിച്ചിട്ടുണ്ടു്. ചൈനാക്കാർ മതനിഷ്ഠയുള്ള ഒരു ജനക്കൂട്ടമാകയാൽ കത്തോലിക്കാമതത്തിനു അവിടെ ഭാവിയിൽ ഒരു നല്ലനിലയുണ്ടാകുമെന്നു ഇപ്പോൾ ഊഹിപ്പാൻ വഴിയില്ലാതില്ല. വിദേശീയരായ പല സന്യാസസഭകളും വേദപ്രചാരാർത്ഥം അവിടെ അക്ഷീണപരിശ്രമം ചെയ്തുവരുന്നു. 1922-ൽ മോൺസിഞ്ഞോർ ചെൽസോർ കൊലസ്റ്റീനി അവർകളെ മാർപ്പാപ്പാ തിരുമനസ്സിലെ സ്ഥാനപതിയായി അവിടേക്കു അയച്ചിട്ടുള്ളതു് വേദപ്രചാരത്തിന്നു ഒരു വലിയ സഹായമായതീർന്നിട്ടുണ്ടു്. അൻപത്തൊൻപതു വികാരിയാത്തുകളിലായി ഇപ്പോൾ അവിടെ ഇരുപത്തൊന്നര ലക്ഷം കത്തോലിക്കരും, ൨൲ യൂറോപ്യൻ മിഷ്യനറിമാരും, ൧൲ ഏതദ്ദേശ്യവൈദികരും ഉള്ളതുകൂടാതെ, അഞ്ചുലക്ഷത്തിൽപരം ആളുകൾ വേദാധ്യയനം ചെയ്തുവരുന്നതായും കാണുന്നു. ആകെയുള്ള ജനസംഖ്യയോടു ഒപ്പിച്ചു നോക്കിയാൽ കത്തോലിക്കരുടെ തുക ഇനിയും വളരെ തുച്ഛമാണെങ്കിലും, മാനസാന്തരപ്പെട്ടിട്ടുള്ളവരുടെ മതനിഷ്ഠയും, വൈദികാധികാരികളോടുള്ള സഹകരണവും അത്ഭുതപൂർവ്വമായി കാണപ്പെടുന്നതിനാൽ ബുദ്ധമതത്തിന്റെയും അന്ധാചാരങ്ങളുടെയും കേന്ദ്രസ്ഥാനമായി ചിരകാലം സ്ഥിതിചെയ്യുന്ന ഈ വിസ്തീർണ്ണരാജ്യത്തു മിശിഹായുടെ രാജ്യഭാരം മേൽക്കുമേൽ പ്രബലപ്പെടുവാൻ ഇടയാകുമെന്നു ആശംസിക്കാം.



ആകയാൽ തിരുഹൃദയഭക്തന്മാർ ഈ മാസം മുഴുവൻ ഈ കാര്യസാദ്ധ്യത്തിനായി പ്രത്യേകിച്ചു പ്രാർത്ഥിക്കണമെന്നു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു ആജ്ഞാപിച്ചിരിക്കുന്നു.

തുലാമാസം:- “ക്രിസ്തീയ ശിശുപരിശീലനം.”

# വാർഷികറിപ്പോർട്ട.

1922 ാമാണ്ടിൽ കേരളീയ കർമ്മലീത്താസഭയിൽനിന്നു നടത്തിയ

## പ്രേഷക വേലകൾ.

| അശ്രമത്തിൻെറ പേരു്. | പ്ര. ക്രി. മാമ്മോദീസാ. | ടി. ക്ഷവരവ്. | | | ടി. ക്ഷചിലവ്. | | | പഴയ ക്രി. മാമ്മോദീ. | ഒപ്രൂത്തമം. | അശ്ര കുമ്പാ. ഉൾക്കൊ. |
|---|---|---|---|---|---|---|---|---|---|---|
| | | രൂ. | ണ. | പ. | രൂ. | ണ. | പ. | | | |
| മാന്നാനം. | 333 | 877 | 15 | 8 | 973 | 7 | 1 | 199 | 41 | 35591 |
| കർമ്മേല. | 88 | 351 | 3 | 0 | 360 | 3 | 0 | 63 | 3 | 30378 |
| എൽത്തുരുത്ത്. | 3 | 20 | 7 | 6 | 13 | 11 | 0 | 1 | 1 | 8750 |
| അമ്പഴക്കാട്ട. | 23 | 47 | 8 | 0 | 107 | 12 | 8 | 0 | 13 | 26059 |
| പുളിങ്കുന്നു്. | 43 | 144 | 0 | 0 | 81 | 9 | 8 | 1 | 21 | 27916 |
| മുത്തോലി. | 26 | 282 | 9 | 0 | 152 | 12 | 0 | 15 | 16 | 30850 |
| ചെത്തിപ്പുഴ. | 84 | 258 | 0 | 6 | 245 | 0 | 0 | 25 | 31 | 20100 |
| പാവർട്ടി. | 12 | 84 | 3 | 0 | 76 | 5 | 0 | 4 | 8 | 42634 |
| തേവര. | 1 | 0 | 0 | 0 | 13 | 0 | 0 | 13 | 9 | 18849 |
| പാണാപള്ളി. | 0 | 0 | 0 | 0 | 0 | 0 | 0 | 6 | 1 | 7014 |
| കൂനമ്മാവ്. | 2 | 0 | 0 | 0 | 0 | 0 | 0 | 22 | 8 | 6000 |
| കുഴ്നാട്ട. | 57 | 86 | 12 | 0 | 107 | 5 | 0 | 68 | 27 | 11500 |
| ആകെ. | 672 | 2'62 | 10 | 8 | 2131 | 1 | 5 | 417 | 179 | 265671 |

പുറമേ നടത്തിയ മുഴവൻ ധ്യാനങ്ങളിൽ നടന്ന കുമ്പാ. കൈക്കൊ. 44878

ആകെ കുമ്പാ. കൈക്കൊ. 310549

1) കൈപ്പട്ടൂർ, 2) ചേരാനല്ലൂർ, 3) പുത്തൻവേലിക്കര, 4) വാഴപ്പള്ളി ആരാധനമഠം, 5) മഞ്ഞപ്ര, 6) പാണാവള്ളി ഇടവകപ്പള്ളി (കുട്ടികളുടേതു), 7) മുട്ടുചിറ, 8) ചെല്ലാനം, 9) വല്ലം, 10) ചെത്തിപ്പുഴ പുത്തൻക്രിസ്ത്യ. ധ്യാനം, 11) ചങ്ങനാശേരി ഹൈസ്കൂൾ, 12) ചങ്ങനാശേരി പട്ടക്കാരുടെ ധ്യാനം, 13) വാഴപ്പള്ളി കുട്ടികളുടെ ധ്യാനം, 14) ചങ്ങനാശേരി കർമ്മലീത്താമഠം, 15) ചെത്തിപ്പുഴ മാർത്തോമ്മാദാസസംഘം, 16) ചെത്തിപ്പുഴ കുട്ടികളുടെ ധ്യാനം, 17) ചെത്തിപ്പുഴ, 18) ചങ്ങനാശേരി, 19) കൈക്കരച്ചിറ, 20) ഏനാമ്മാവു, 21) പാവർട്ടി ഇംഗ്ലീഷ് സ്കൂൾ, 22) തൃശ്ശൂർ ബോർഡിംഗ, 23) അമ്പഴക്കാട്ടു ആശ്രമദേവാലയം, 24) ഒല്ലൂർ, 25) ചിറ്റാട്ടുകര, 26) ചമ്പക്കുളം, 27) പാവർട്ടി ആശ്രമദേവാലയം, 28) സയിഗോൻ, 29) മുല്ലശ്ശേരി, 30) മുഴൂർ, 31) പാലാ സ്കൂൾ, 32) മുത്തോലി സ്കൂൾ, 33) കോട്ടയം പെററി സെമിനാരി, 34) ചേപ്പുങ്കൽ, 35) കാഞ്ഞിരമററം, 36) പുന്നത്ര, 37) ആനിക്കാട്ടു, 38) കുടല്ലൂർ, 39) മുത്തോലി മഠം, 40) കിടങ്ങൂർ, 41) ഭരണങ്ങാനം, 42) തുമ്പോളി, 43) മുട്ടാർ ചെറിയപള്ളി, 44) കിടങ്ങറ, 45) ചേന്നങ്കരി, 46) പുളിംകുന്ന്, 47) പുളിംകുന്നു ആശ്രമദേവാലയം, 48) കാവാലം, 49) നസറേത്ത, 50) ചെളിയനാട്ടു, 51) പുതുക്കരി, 52) മിത്രക്കരി, 53) കായിപ്പുറം, 54) പാലയൂർ, 55) ഇരിങ്ങാലക്കുട, 56) പുതുക്കാട്ടു, 57) പറപ്പൂക്കര, 58) പുത്തൻപീടിക, 59) കണ്ടശ്ശാംകടവു, 60) വാഴക്കുളത്തു പട്ടക്കാരുടെ ധ്യാനം, 61) മുത്തോലി ആശ്രമദേവാലയം, 62) കർമ്മല ആശ്രമദേവാലയം, 63) കാരക്കുന്നം, 64) ആയന, 65) തെനംകുന്നം, 66) നെയിച്ചേരി, 67) ആരക്കുഴ, 68) കോതമംഗലം, 69) കല്ലൂർ, 70) കല്ലൂർ പുത്തൻക്രിസ്തുവരുടെ ധ്യാനം, 71) കാഞ്ഞിരപ്പള്ളി, 72) വല്ല്യകം, 73) കുറുമ്പനാടം, 74) ചേരാമംഗലം, 75) കറുകുററി മഠം, 76) മൂക്കന്നൂർ, 77) സെന്റക്രൂസ് ആൺകുട്ടികൾ, 78) ടി. മഠം പെൺകുട്ടികൾ, 79) കൂനമ്മാവു കന്യകാമഠം, 80) പള്ളിപ്പുറം, 81) പട്ടക്കാരുടെ വേറെ നാ ധ്യാനങ്ങൾ.

ആകെ ധ്യാനത്തിൽ കൂടിയ
ആളുകൾ 41535

# പുതിയ പ്രസിദ്ധീകരണങ്ങൾ.

1. The Palace Beautiful
or
The Spiritual Temple of God.
by Rev. Frederick A. Houck
1120 Horace Street, Toledo,
Ohio, U. S. A.

ക്ലേശംകൂടാതെ സരസമായി ഗദ്യവും പദ്യവും എഴുതി ഫലിപ്പിക്കുന്നതിനു പ്രാപ്തനെന്നു പൊതുസമ്മതി പ്രാപിച്ചിട്ടുള്ള ഒരു അമേരിക്കൻ വൈദികവര്യനാണ് റവ. ഫാദർ ഫ്റഡറിക്ക് എ. ഹൌക്ക് അവർകൾ. അദ്ദേഹത്തിന്റെ പല കൃതികളും സാഹിത്യലോകത്തിന്റെ അകൈതവമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. "മനോഹര ഹർമ്മ്യം" എന്ന ഒടുവിലത്തെ ഈ കൃതി ആറു മാസംകൊണ്ടു രണ്ടാംപതിപ്പിലേക്കു കടന്നിട്ടുള്ളതുതന്നെ തൽകർത്താവിനു ജനതാമദ്ധ്യത്തിൽ സിദ്ധിച്ചിട്ടുള്ള പ്രഖ്യാതിയുടെ ഒരു പ്രത്യക്ഷലക്ഷ്യമായിരിക്കുന്നു. സാക്ഷാൽ ദേവാലയമായ മനുഷ്യാത്മാവിനെ സുകൃതപുണ്യങ്ങളാൽ അലങ്കരിക്കേണ്ടുംവിധം ഹൃദയാകർഷകമായ വിധ

ത്തിൽ ഇതിൽ വിവരിച്ചിട്ടുണ്ട്. ഒരു ഗദ്യകൃതിയാണെങ്കിലും ഗ്രന്ഥകാരൻ്റെ കവിതാവാസന ഇതിൻ്റെ ഓരോ പക്ഷത്തിലും പ്രതിബിംബിക്കുന്നതായി കാണാം. സുകൃതാഭ്യാസം ഇത്ര മനോമോഹനമാണെന്നു വേണ്ടപോലെ ഗ്രഹിക്കായ്കകൊണ്ടല്ലയോ മനുഷ്യൻ പ്രായേണ അതിൽ നിന്നും വിട്ടൊഴിഞ്ഞു പോകുന്നത്. ൧൬൦ പക്ഷമുള്ള അതിരമണീയമായ ഈ പുസ്തകത്തിനു ഒന്നര ഡോളർ (ഏകദേശം നാലര രൂപാ) ആണ് വില വച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ സമ്മാനദാനാവസരങ്ങളിലേക്കും മറ്റും ഇതു അത്യന്തം അവസരോചിതമായിരിക്കും.

2 പ്രപഞ്ചവും അതിൻ്റെ
ആദികാരണവും.

കോൺവെർഷ്യൻലീഗ് പ്രസിദ്ധീകരണം നമ്പർ 1൭.

ഈശ്വരാസ്തിക്യത്തെ സംവദിക്കുന്നവരുടെ ഇടയിൽതന്നേ പ്രപഞ്ചത്തിൻ്റെ ഉത്ഭവത്തെ സംബന്ധിച്ചു അദ്യാപി അഭിപ്രായ വ്യത്യാസങ്ങൾ കാണുന്നുണ്ട്. "നിർഗ്ഗമനവാദം" (Theory of emanation) "ദ്വൈതവാദം" (Theory of double emanation) ആദിയായ അബദ്ധസിദ്ധാന്തങ്ങളെ ഖണ്ഡിച്ച് "സൃഷ്ടിവാദ"ത്തെ (Theory of Creation) സമർത്ഥിക്കുന്നതിനാണ് നടുവത്തുശ്ശേരിൽ ബഹു. യാക്കോബു കത്തനാർ അവർകൾ ഈ ചെറുപുസ്തകം വഴിയായി ശ്രമിച്ചിട്ടുള്ളത്. സർവ്വശക്തനായ ദൈവം ഇല്ലായ്മയിൽനിന്നും സകലത്തെയും സൃഷ്ടിക്കയാണ് ചെയ്തതെന്നു വിശ്വസിക്കുന്നതിനു ഒരു ക്രിസ്ത്യാനിക്കു യാതൊരു വിഷമവുമുണ്ടാകുന്നതല്ലെങ്കിലും, അതിനെ തിരായി വാദിക്കുന്നവരോടു ശാസ്ത്രീയമായി സമാധാനം പറവാൻ അവനു അത്ര തന്നെ എളുപ്പമുണ്ടാകുന്നതല്ല. ഫാദർ നടുവത്തുശ്ശേരി അവർകളുടെ ഈ കൃതി ഗഹനമായ പ്രസ്തുത വിഷയത്തെപ്പറ്റി സാധാരണന്മാർക്കുപോലും ഒരു ഏകദേശജ്ഞാനമുണ്ടാകത്തക്കവിധത്തിൽ സുലളിതമായ രീതിയിലാണ് എഴുതപ്പെട്ടിരിക്കുന്നതെന്നു കാണുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു.

3. മാർപ്പാപ്പായുടെ അപ്രമാദിത്വവും
അകത്തോലിക്ക വാദങ്ങളും.

കുസുമഗ്രന്ഥാവലി നമ്പർ ൧൪.

'കത്തോലിക്ക സഭാ' മാസിക അസ്തമിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിലും കേരളീയകത്തോലിക്കർക്കു പ്രസ്തുത മാസികയോടുള്ള കൃതജ്ഞത ചിരജീവിയായി തന്നേ ഇരിക്കത്തക്കവണ്ണമുള്ള സ്മാരകങ്ങൾ സംസ്ഥാപിതമായിട്ടുണ്ടെന്നുള്ളതു അത്യന്തം ചാരിതാർത്ഥ്യജനകം തന്നേ. അക്കൂട്ടത്തിൽപെട്ട ഒരു സ്മാരകസ്തംഭമാണു റവ. ഫാദർ റൊമെയൂസ് സി. ഡി. അവർകളുടെ ശാസ്ത്രീയമായ തൂലികയിൽ നിന്നു പുറപ്പെട്ടിട്ടുള്ള മേല്പറയപ്പെട്ട ചെറിയ പുസ്തകം. മാർപ്പാപ്പായുടെ അപ്രമാദിത്വം സംബന്ധിച്ചു ഇത്ര സമഷ്ടിയായ ഒരു വിവരണം ഇതാവൽപര്യന്തം മലയാളഭാഷയിൽ പ്രസിദ്ധീകൃതമായിട്ടില്ലെന്നു നിസ്സംശയം പ്രസ്താവിക്കാം. പന്ത്രണ്ടു അദ്ധ്യായങ്ങളിലായി അകത്തോലിക്ക വാദങ്ങളെ പുരസ്കരിച്ചു പണ്ഡിതനായ ഗ്രന്ഥകാരൻ പ്രസ്തുത വിഷയത്തെ കൂലങ്കഷമായി പരാമർശിച്ചിട്ടുണ്ട്. ഒരുനൂറോളം പക്കങ്ങളും മാർപ്പാപ്പാ തിരുമനസ്സിലെ ഛായാപടവും അടങ്ങിയ ഈ പുസ്തകത്തിനു നാലണയാണു വില നിശ്ചയിച്ചിരിക്കുന്നത്.

4. The Syro-Chaldaic Grammar'.

By Rev. Fr. Gabriel of
St. Joseph T. O. C. D.

ഫാദർ ഗബ്രിയേൽ അവർകളുടെ പ്രസ്തുത സുറിയാനി വ്യാകരണപുസ്തകം ഡെലഗേറ്റപ്പോസ്തോലിക്കാ തിരുമനസ്സുകൊണ്ടു കിഴക്കൻ റീത്തുകളുടെ തിരുസംഘത്തിൻ്റെ അസ്സെസ്സോറും സുറിയാനി ഭാഷാവിദഗ്ദ്ധനുമായ മോൺസിഞ്ഞോർ പപ്പദോപൗലോസു വഴി പരിശുദ്ധ പിതാവു തിരുമനസ്സിലേക്കു സമർപ്പിച്ചതിൽ അവിടുന്നു വാത്സല്യപൂർവ്വം അയച്ച മറുപടി താഴെ ചേർക്കുന്നു.

"I very much appreciate the gentle thought of Rev. Father Gabr'el of sending me his Syro-Chaldaic grammar through Your

Excellency. To the eulogies which Your Excellency has made of the author, I add my most sincere appreciation of his literary activity, and request you to inform him that the Holy Father, as an encouragement and a token of His satisfaction for the work already completed, has imparted to him a special Apostolic Blessing."

## വൎത്തമാനസംഗ്രഹം.

### കേരളം.

മദ്രാസ് ഗവൎണ്ണർ അവൎകൾ അടുത്ത ഒക്ടോബർമാസത്തിൽ തിരുവനന്തപുരത്തു വരുമെന്നു കേൾക്കുന്നു.

൧൦൯൯-ൽ തിരുവിതാംകൂറിലെ ആകെ വരവു ൨൦൦ ലക്ഷം രൂപായും ചെലവു ൧൯൭ ലക്ഷവും, കൊച്ചിയിലെ വരവു ൭൦ ലക്ഷത്തിൽ ചില്വാനം രൂപായും ചെലവു ൬൭ ലക്ഷത്തിൽ ചില്വാനവും ആയിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

കോട്ടയം മിസ്സത്തിൽപെട്ട സിറിയക്കുമററം എന്ന യുവാവു വൈദികവിദ്യാഭ്യാസത്തിനായി കഴിഞ്ഞ മാസം ൨൩-ാം കൊളമ്പിൽ നിന്നു റോമായിലേക്കു കപ്പൽ കയറിയിരിക്കുന്നു.

"തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിലെ പ്രജകൾക്കു മദ്രാസു നിയമസഭയിലും, മദ്രാസുസംസ്ഥാനക്കാൎക്കു പ്രസ്തുത നാട്ടുരാജ്യങ്ങളിലെ നിയമസഭകളിലും സ്ഥാനാൎത്ഥികളായും വോട്ടർമാരായും നില്ക്കാമെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നു.

കൊച്ചി ൧-ാംകൂർ തമ്പുരാൻ തിരുമനസ്സുകൊണ്ടു പേപ്പട്ടിവിഷത്തിനു ഒരു സിദ്ധൌഷധമുണ്ടാക്കി വില കൂടാതെ ആവശ്യക്കാൎക്കു കൊടുത്തുവരുന്നതായി അറിയുന്നു. കടിയേററു ൨൪ മണിക്കൂറിനകം ഈ ഔഷധം സേവിച്ചാൽ ഗുണം കിട്ടുന്നതാണു്.

കൃഷി കച്ചവടം വ്യവസായം മുതലായ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നതിലേക്കു മിസ്റ്റർ ചെറിയാൻ പുതിയോട്ടു ബി. ഏ. അദ്ദേഹത്തിന്റെ ആധിപത്യത്തിൽ തിരുവല്ലായിൽ നിന്നും "വ്യവസായമിത്രം" എന്നൊരു മാസിക ഉടനേ പുറപ്പെടുന്നതാണെന്നും അതിൽ രണ്ടര രൂപാ വരിസംഖ്യ ആയിരിക്കുമെന്നും തൽപ്രവൎത്തകന്മാർ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

### ഇൻഡ്യാ.

ഡെലഗാറ്റ്അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു സെപ്റ്റംബർ ഒന്നാം തീയതി ബോംബെയിൽനിന്നു റോമിനു കപ്പൽ കയറുന്നതാണു്.

മംഗലപുരത്തു ഏതദ്ദേശീയരിൽനിന്നു് അഡ്മിനിസ്ട്രേറററായി നിയമിക്കപ്പെട്ട റവ ഫാദർ ജോസഫ് പായിസ് അവൎകൾ പ്രസ്തുത സ്ഥാനം സ്വീകരിക്കാതെ ഉപേക്ഷിച്ചിരിക്കുന്നു.

ഈയിട കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ട മിസ്റ്റർ പി. സ്റ്റോട്ടുബ്രണ്ണർ അവൎകൾ 'മദ്രാസ് മെയിൽ' പത്രത്തിന്റെ അധിപനായി നിയമിക്കപ്പെട്ടിരിക്കുന്നതായറിയുന്നു.

തൃശ്ശിനാപ്പള്ളി രൂപതയുടെ വികാരി ജനറാളായി വന്ദ്യദിവ്യശ്രീ ഫാദർ ജ്ഞാനപ്രകാശം അവൎകളെ നിയമിച്ചിരിക്കുന്നതായികാണുന്നു.

ഇയ്യാണ്ടത്തെ വെള്ളപ്പൊക്കം കൊണ്ടു് ഇൻഡ്യയിൽ പലേടത്തും ഭയങ്കര നാശങ്ങൾ നേരിട്ടിട്ടുള്ളതായി അറിയുന്നു. മംഗലാപുരത്തിനടുത്തുള്ള ബണ്ടുവാൾ എന്ന സ്ഥലത്തു ആറുവക്കത്തു നിന്നു ൪൨ അടി ഉയരത്തിൽ വെള്ളം പൊങ്ങുകയും അനേകായിരം ഭവനങ്ങൾ നശിപ്പിക്കയും ഉണ്ടായി. ബൎമ്മായിൽ ബസ്സീൻ എന്ന ജില്ലയിൽ ൧൪ ആയിരം ജനങ്ങൾ നിരാധാരന്മാരായി നടക്കുന്നതായറിയുന്നു.

മദ്രാസ് നിയമനിൎമ്മാണ സഭാദ്ധ്യക്ഷനായ സർ പി. രാജഗോപാലാചാരി അവൎകളെ ഇംഗ്ലണ്ടിലെ ഇൻഡ്യാ സ്റ്റെയിററു സെക്രട്ടറിയുടെ ആലോചനാ

സംഘത്തിലെ ഒരു അംഗമായി നിശ്ചയിച്ചിരിക്കുന്നു.

## ഇററലി.

പത്താംപീയൂസ് മാർപ്പാപ്പായെ അനുഗ്രഹീതനെന്നു നാമകരണം ചെയ്യുന്നതിലേക്കുള്ള അപേക്ഷകൾ പല സ്ഥലങ്ങളിൽനിന്നും റോമായിൽ എത്തിക്കൊണ്ടിരിക്കുന്നു.

പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാൾ വൻറോസും അവർകൾ കഴിഞ്ഞ മാസത്തിൽ ഡെൻമാർക്കു, നോർവേ, സ്വീഡൻ ആദിയായി പല രാജ്യങ്ങളിലും സഞ്ചരിച്ചു മടങ്ങി എത്തിയിരിക്കുന്നു. ഡെന്മാർക്കിൽ ൩൦൦ വർഷത്തിനിപ്പുറം ഒരു കർദ്ദിനാൾ പ്രവേശിച്ചിട്ടില്ലെന്നും, അതിനാൽ അദ്ദേഹത്തിന്റെ സ്വീകരണം അത്യന്തം ആഡംബരപൂർണ്ണമായിരുന്നെന്നും അറിയുന്നു.

എറ്റ്നാ അഗ്നിപർവ്വതം പൊട്ടിയതിനാൽ നിരാശ്രയന്മാരായിത്തീർന്നവർക്കു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ൨൦ ആയിരം ലീര ദാനം നൽകിയിരിക്കുന്നു.

കിഴക്കൻ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന മഹോന്നത ദിവ്യശ്രീ കർദ്ദിനാൾ മരീനി അവർകൾ ജൂലൈ ൨൬നു- എൺപതാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

## ഇംഗ്ലണ്ട്.

ലണ്ടനിൽവച്ചു നടന്ന റോയൽഏഷ്യാററിക്കുസൊസൈററിയുടെ ശതവർഷാഘോഷത്തിൽ നമ്മുടെ മിസ്റ്റർ പി. ജെ. തോമസ് "ഇൻഡ്യയിലെ പ്രാചീന ക്രിസ്തീയസഭ"യെപ്പററി ചെയ്ത പ്രസംഗം പാശ്ചാത്യപണ്ഡിതന്മാരുടെ നിസ്തുലമായ പ്രശംസയ്ക്കു പാത്രീഭവിച്ചതായും, പ്രസംഗം ഉടനേ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തണമെന്നു അവർ ആവശ്യപ്പെട്ടിട്ടുള്ളതായും അറിയുന്നു.

കഴിഞ്ഞ മാസത്തിൽ ഇംഗ്ലണ്ടിൽനിന്നു ലൂർദ്ദിലേക്കു പോയിരുന്ന തീർത്ഥയാത്രക്കാരുടെ കൂട്ടത്തിലുണ്ടായിരുന്ന അഞ്ചു മഹാരോഗികൾ അൽഭുതകരമായി സുഖം പ്രാപിച്ചിരിക്കുന്നു.

കത്തോലിക്കാസഭയോടു നാൾക്കുനാൾ ഐക്യത പ്രാപിച്ചുവരുന്നതായി ഇംഗ്ലണ്ടിലുള്ള ആംഗ്ലോ കത്തോലിക്കർ ഈയിട അവിടെ കൂടിയ ഒരു കോൺഫറൻസിൽനിന്നു മാർപ്പാപ്പാ തിരുമനസ്സിലേക്കു ഒരു അഭിനന്ദനകമ്പി അയച്ചിരുന്നതായി കാണുന്നു.

## അയർലണ്ട്.

റിപ്പബ്ലിക്കൻ നേതാവായ ഡിവലേറായെ ആഗസ്റ്റു ൧൫നു- എന്നിസ് എന്ന സ്ഥലത്തുവച്ചു ഫ്രീസ്റ്റേയററു സൈന്യങ്ങൾ അറസ്റ്റു ചെയ്തിരിക്കുന്നു.

ആഗസ്റ്റു ൨൭നു- ഫ്രീസ്റ്റേയിററു പാർലിമെന്റിന്റെ തെരഞ്ഞെടുപ്പു നടക്കുന്നതാണ്. നൂററൻപതു പ്രതിനിധികൾ വേണ്ടതിനു അറുനൂററോളം സ്ഥാനാർത്ഥികൾ നിൽപ്പുള്ളതായി കാണുന്നു.

ഡിവലേറായ്ക്കു പകരം പന്ത്രണ്ടു വയസ്സുള്ള അദ്ദേഹത്തിന്റെ ഒരു മകൻ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കു പ്രസംഗങ്ങൾ നടത്തിവരുന്നതായി അറിയുന്നു.

മെയ്നൂത്തിൽ കുറേമുമ്പു നടന്ന മെത്രാന്മാരുടെ യോഗത്തിൽനിന്നു ഫ്രീസ്റ്റേയിററു ഗവമ്മേൻറിനെ അനുമോദിച്ചു ഒരു ഡെപ്യൂട്ടേഷൻ അയക്കുകയുണ്ടായി. അകല്പാടെ ഇനി റിപ്പബ്ലിക്കൻകാരുടെ ശക്തി അസ്തമിപ്പാനേ വഴി കാണുന്നുള്ളൂ

## അമേരിക്കാ

ഐക്യരാജ്യ പ്രസിഡണ്ടു മിസ്റ്റർ ഹാർഡിഞ്ജ് ആഗസ്റ്റു ൨നു- വെള്ളിയാഴ്ച ന്യൂമോണിയാ പിടിത്താൽ പരലോകപ്രാപ്തനായിരിക്കുന്നു. ൧൯൨൫ വരെ വൈസ് പ്രസിഡന്റ് മിസ്റ്റർ കൂലിഡ്ജ് പകരം ജോലി നോക്കുന്നതാണ്.

൧൯൨൬-ൽ ചിക്കാഗോയിൽവച്ചു നടത്തുവാനിരിക്കുന്ന ദിവ്യകാരുണ്യമഹാജനസഭയുടെ ദിവസത്തിൽ പത്തുലക്ഷം ദിവ്യകാരുണ്യസ്വീകരണങ്ങൾ ഉണ്ടാകത്തക്കവണ്ണം അവിടത്തെ മെത്രാപ്പോലീത്താ ഇപ്പോഴേ ഏർപ്പാടുചെയ്തുവരുന്നു.

ഐക്യരാജ്യത്തു നാലുകോടി ക്രിസ്ത്യാനികളുള്ളതിൽ ഒന്നേമുക്കാൽ കോടി കത്തോലിക്കരാണെന്നു കാണുന്നു.

# മനോഗുണ വിവരങ്ങൾ.

പൃഥക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പർ അടച്ചിരിക്കണം.

എൻെറ ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനു കുസുമവായനക്കാർ ദയവായി പ്രാർത്ഥിപ്പാനപേക്ഷ.

വി. സി. പുളിംകുന്നു.

തിരുഹൃദയത്തിൻെറ മനോഗുണത്താൽ ഒരു പ്രത്യേക കാര്യത്തിൽ ജയം പ്രാപിച്ചതിനു ഉപകാരസ്മരണ.

ഏ വി. തേട്ടകം.

ഭാഗ്യവതിയായ കൊച്ചുത്രേസ്യായോടു അപേക്ഷിച്ചതിൻെറ ഫലമായി പരീക്ഷയിൽ ജയിക്കയും, ഒരു സുഖക്കേടു നീങ്ങുകയും, അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന ഒരു കാര്യം സാധിക്കയും ചെയ്തതിന് ഉപകാരസ്മരണ ചെയ്യുന്നു.

കൊച്ചുത്രേസ്യായുടെ ഒരു ഭക്തൻ.

കാണാതെ പോയ ഒരു പശു വി. അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ അത്ഭുതകരമായി തിരികെ എത്തിയതിനു ഉപകാരസ്മരണ.

ഒരു യാക്കോബായക്കാരൻ കൊട്ടാരക്കര.

ഞങ്ങളുടെ കുടുംബത്തിലെ ഛിദ്രങ്ങൾ നീങ്ങി സമാധാനം ഉണ്ടാകുന്നതിനു കുസുമവായനക്കാർ തിരുഹൃദയത്തോടു പ്രാർത്ഥിപ്പാറാകണം.

ടി. എം. പൊൻകുന്നം.

തിരുഹൃദയ നവനാൾ കഴിച്ചതിനാൽ ഒരു അസാദ്ധ്യകാര്യം സാധിച്ചുകിട്ടിയിരിക്കുന്നു. സി. വി.

# ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പള്ളിപ്പുറത്തുപള്ളിയിടവക തുറവൂർ നാലാംപുരയ്ക്കൽ ശ്രീമതി വക്കി ഏലിയാമ്മ ജൂൺ ൨൭-ാംനു- വ്യാഴാഴ്ച വയസ്സ് ൭൭.

രാമപുരം പള്ളി ഇടവക തിരുഹൃദയസഞ്ജീവിതസംഘത്തിൻെറ ആരംഭകാരൽ ഒരുവനായ ഏടക്കര ആഗസ്തി ഉതുപ്പു അവർകൾ ജൂലൈ ൧ വയസ്സ് ൭൨.

നെക്കാട്ടുശ്ശേരി ഇടവക പൊന്നേക്കാട്ടിൽ കെ. ജോസഫ അവർകൾ ജൂലൈ ൬. വയസ്സ് ൧൨.

അതിരമ്പുഴപ്പള്ളിയിടവക കരോട്ടുവേമ്പേനിക്കൽ ബ. ദേവസ്യാച്ചൻ അവർകളുടെ പിതാവു തോമ്മാ അവർകൾ ജൂലൈ ൨൭. വയസ്സ് ൭൨.

തമ്പലക്കാട്ടു പള്ളിയിടവക കരവട്ടുവടിശ്ശേരിൽ വക്കി കൊച്ചുവുസേപ്പു അവർകൾ ജൂലൈ ൨൭.

ഇലഞ്ഞി ഇടവക കരീത്തടത്തിൽ ശ്രീമതി അന്നാമ്മ ജൂലൈ ൨൭. വയസ്സ് ൬൭.

കാഞ്ഞിരക്കോട്ടു വലിയവിളവീട്ടിൽ മിസ്റ്റർ കാർമ്മേലൊസു ഡിക്രൂസ് അവർകൾ ആഗസ്റ്റ് ൭. വയസ്സ് ൨൯.

അമ്പഴക്കാട്ടു കൊവേന്തയിൽ ക. നി. മൂ. സ. ഈശോയുടെ ബ. ഏത്തുലൂമ്മ സഹോദരൻ ആഗസ്റ്റ് ൧൯. വയസ്സ് ൭൧.

മുട്ടുചിറ ഫൊറോനാവികാരി പെ. ബ. കടവിൽ യാക്കോച്ചൻ അവർകളുടെ സഹോദരീഭർത്താവും ക. നി മൂ. സ. ബ. ശെമഓനച്ചൻ അവർകളുടെ പിതൃസഹോദരനുമായ പട്ടുച്ചേരിൽ മത്തൻ അവർകൾ ആഗസ്റ്റ ൨൧. വയസ്സ് ൬൯.

എറണാകുളം മിസ്സത്തിൻെറ വികാരിജനറാളും മുട്ടത്തുപള്ളയുടെ വികാരിയുമായ റൈററ റവ: മൊൺസിഞ്ഞോർ ബർണ്ണാർദ് മാടമ്പാകം അവർകൾ വാതരോഗം നിമിത്തം ൨൨നു- ബുധനാഴ്ച രാത്രി ൧൦ മണിക്കു ൭൨-ാമത്തെ വയസ്സിൽ.

Printed and published for the Proprietor by F. K. Joseph, at the St. Joseph's Press, Mannanam, 1923

# പി. പാപ്പിക്കമ്പനി, മാന്നാനം.

## റബേിക്ക സാമാനങ്ങൾ

| ചൈനാപ്പട്ടു നീളം വളയം | | | Rs. | as. | p. |
|---|---|---|---|---|---|
| ൧-ാം ചരട്ട വളയം | ൨൫-ക്ക | | 1 | 2 | 0 |
| ൨-ാം ,, പിരിച്ചതു | ന്ന | ,, | 0 | 10 | 0 |
| ൩-ാം ,, | ൨ | ,, | 0 | 9 | 0 |
| ൪-ാം ,, | ൧ | ,, | 0 | 4 | 6 |
| ൧-ാം കമ്പി | ൧ | ,, | 0 | 3 | 0 |
| ൨-ാം ,, | ൧ | ,, | 0 | 3 | 6 |
| ൩-ാം ,, | ൧ | ,, | 0 | 4 | 6 |
| ൪-ാം ,, | ൧ | ,, | 0 | 5 | 0 |
| അക്കമുടി ൨-ാംതരം | ൧ | ,, | 0 | 12 | 0 |
| അല്പൂസ് ൧-ാംതരം | ൧ | ,, | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | ,, | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | ,, | 0 | 3 | 0 |
| പേന്തി. (Bridge) | ൧ | ,, | 0 | 3 | 0 |
| ആണി. (Screw) | ൧ | ,, | 0 | 3 | 0 |
| പരന്തുവാൽ. ൧-ാംതരം | ൧ | ,, | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | ,, | 0 | 10 | 0 |
| ബ്രൂക്കബെയണ്ടിംഗിനുള്ള | | | | | |
| തങ്കം ബ്രൂക്ക | ൧ | ,, | 2 | 0 | 0 |
| ടി. വെള്ളി | ൧ | ,, | 0 | 8 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. ൨. | (മുട്ടഭാഷ) ഡസൻ | 1ക്ക | 0 | 1 | 9 |
| നമ്പ്ര 1 | സെൻറു ജോസഫ് | ,, ,, | 0 | 2 | 3 |
| 1251 | ഇത്താല്യൻ കാശു | ,, ,, | 0 | 5 | 0 |
| 100 | വി. തോമ്മാശ്ലീഹാ. (വട്ടം) | ,, | 0 | 10 | 0 |
| 101 | ടി. പിച്ചള | ,, ,, | 0 | 7 | 0 |
| 50 | വി. കുർബാന. | ,, ,, | 0 | 14 | 0 |
| 53 | അമലോത്ഭവം. | ,, ,, | 0 | 14 | 0 |
| 56 | ടി. | ,, ,, | 1 | 2 | 0 |
| 131 | തിരുഹൃദയം. | ,, ,, | 1 | 2 | 0 |
| 6434 | ,, | ,, ,, | 1 | 2 | 0 |

## അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| 298 | മുട്ടഭാഷ. ഡസൻ ൧ക്ക | ,, | 0 | 5 | 0 |
| 324 | കക്കടവൃത്തം. | ,, | 0 | 5 | 0 |
| 231 | നീണ്ടഭാഷ. | ,, | 0 | 7 | 0 |
| 337 | വൃത്തം. | ,, | 0 | 7 | 0 |
| 338 | വൃത്തം. | ,, | 0 | 10 | 0 |
| 7030 | ചതിര എരട്ടത്തട്ട ചെറുത് | ,, | 0 | 10 | 0 |
| 325 | കക്കടവൃത്തം. | ,, | 0 | 10 | 0 |
| 342 | കരിമ്പുഭാഷ. | ,, | 0 | 10 | 0 |
| 7023 | ചതിര ഒററത്തട്ട. | ,, | 0 | 14 | 0 |
| 7031 | ചതിര എരട്ടത്തട്ട വലുത് | ,, | 0 | 14 | 0 |
| 399 | നക്ഷത്രഭാഷ. | ,, | 1 | 2 | 0 |
| 321 | മുന്തിരിങ്ങാ വള്ളിക്കെട്ട്. | ,, | 1 | 2 | 0 |

### കൊന്ത ഓവൽ ഇരുമ്പുകെട്ട്

| | | | |
|---|---|---|---|
| ൧-ാം തരം ൧ക്ക | 0 | 6 | 0 |
| ൨-ാംതരം ൧ക്ക | 0 | 5 | 6 |
| ൩-ാംതരം ൧ക്ക | 0 | 4 | 6 |

## പുസ്തകങ്ങൾ.

| | | | | |
|---|---|---|---|---|
| 1 | വ്യാകുലപങ്കപ്പാട്ടചരിത്രം ൧ക്ക | 1 | 0 | 0 |
| 2 | അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 | കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 | വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 | ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 | ജ്ഞാനസുന്ദരയ്യാൾ അമ്മാന | 0 | 8 | 0 |
| 7 | ചോദ്യാദിപാന | 0 | 3 | 6 |
| 8 | പുത്തൻപാന | 0 | 4 | 6 |
| 9 | ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 | സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 | ലത്തീൻപൂജസഹായം | 0 | 1 | 6 |
| 12 | ദേവാലയഗീതം (സുറിയാനി) | 0 | 10 | 0 |
| 13 | നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 | പീയൂഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 | ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 | തിരുഹൃദയ വണക്കം 1ക്ക് | 0 | 10 | 0 |
| 17 | അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 | കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 0 |
| 19 | സ്വർഗ്ഗപാത 1ക്ക് | 0 | 14 | 0 |
| 20 | ഗൃഹസഖി 1ക്ക് | 0 | 6 | 0 |
| 21 | പൂജസംഗ്രഹം 1ക്ക് | 0 | 2 | 0 |
| 22 | ദേവമ, അത്ഭുതചരിത്രം 1ക്ക | 0 | 12 | 0 |

## പടങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 8×10 | വലിപ്പം | ,, | 1 | 8 | 0 |
| 13×17 | ടി. | ,, | 4 | 8 | 0 |
| 16×20 | ടി. | ,, | 6 | 12 | 0 |
| പ്രയർബുക്ക സയിസുപടങ്ങൾ | | ,, | 0 | 4 | 6 |
| 240 | പടമുള്ളപാളിപ്പടംപാളി ൧ക്ക | | 1 | 14 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയ പടങ്ങളും അത്ഭുതപ്രവർത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore

☞ വി അണയിൽ കുറഞ്ഞുവരുന്ന ആഡർകൾ ഗൌനിക്കുന്നതല്ല.

Registered No. M. 365. No: T. 24.


# PETER WATCH COMPANY

POST BOX No: 27. MADRAS.

## The World's Record Time-Keeper

കയ്യിൽ കെട്ടുന്ന വിശേഷതരം വാച്ചുകൾ



ശരിയായി സമയം കാണിക്കുന്ന ഉറപ്പുള്ള ഒരു വിശേഷവാച്ചു വേണമെന്നുള്ളവർ ഞങ്ങളുടെ Electro-gold Wrist Watches ഒന്നു വാങ്ങിച്ചുനോക്കട്ടെ. അതിൻെറ പണിവിശേഷത എത്ര വിദഗ്ദ്ധന്മാരും സശിരകമ്പം സമ്മതിക്കും. കണ്ടാൽ എത്രയോ മനോഹരം! കൃത്യമായി സമയം കാണിക്കുന്നതിൽ ഇതിലും വിലക്കൂടിയ പല വാച്ചുകളേയും അതു ജയിച്ചിരിക്കുന്നു. മൂന്നു കൊല്ലത്തെ ഗാറൻറിയോടുകൂടി വിൽക്കപ്പെടുന്നു.

| വിലവിവരം. | രൂ. | ണ | പൈ. |
|---|---|---|---|
| സ്വർണ്ണം പൂശിയതിന്നു | 8 | 0 | 0 |
| ശുദ്ധവെള്ളികൊണ്ടുള്ളതിന്നു | 9 | 0 | 0 |
| നിക്കൽവെള്ളി ,, | 6 | 8 | 0 |

രാത്രിയിൽ കാണത്തക്കവണ്ണം റേഡിയം വച്ചതിന്നു മേൽക്കണ്ട വിലക്കു പുറമെ ഒന്നര രൂപാക്കൂടെ കൊടുത്താൽ മതിയാകും.

## Best Diamond Rings.

കല്ലു പതിച്ച മോതിരങ്ങൾ.




കനേഡിയൻ സ്വർണ്ണം കൊണ്ടുണ്ടാക്കി തങ്കം പൂശിയിട്ടുള്ളതും അഞ്ചു കല്ലു കൾവീതം പതിച്ചിട്ടുള്ളതുമായ ഈ മോതിരങ്ങൾ ഇംഗ്ലീഷ് പണിവിശേഷതയുടെ ഉത്തമസാക്ഷ്യമാണ്. ആരു കണ്ടാലും ഒരു 300 ഉറുപ്പിക വില പറയും.

| | |
|---|---|
| വില ഒരെണ്ണത്തിന്നു | 2 ക. മാത്രം. |
| മൂന്നു എണ്ണത്തിന്നു | 5 രൂ. 8 ണ. |

## Best Hollow Ground Razor.

മേൽത്തരം ക്ഷൌരക്കത്തികൾ.



മുകളിൽ കാണുന്ന സാമാനങ്ങളെല്ലാം അടങ്ങിയ പെട്ടി ഒന്നുക്കു വില ആറു രൂപാ മാത്രം.

സാമാനങ്ങൾ:— പേരുകേട്ട ഒന്നാംതരം ഹോളോഗ്രൌൻഡ് കത്തി 1, ബ്രഷ് 1, മുഖക്കണ്ണാടി 1, ഷെവിങ്ങ്സ്റ്റിക്ക് 1, സ്റ്റ്റാപ്പ് 1, എണ്ണക്കുപ്പി 1, കത്തികല്ല് 1, കത്രിക 1, വെള്ളപ്പാത്രം 1. ഈ നല്ല അവസരം നഷ്ടപ്പെടുത്തിക്കളഞ്ഞാൽ വീണ്ടു കിട്ടുന്നതല്ല.

ഉടനെ അപേക്ഷിക്കുക.

**പിററർ വാച്ചുകമ്പനി.**

പോസ്റ്റ്ബോക്സ് നമ്പർ 27. മദ്രാസ്.

☞ അപേക്ഷിക്കുമ്പോൾ 'കണ്ഠേലകസുമ'ത്തിൽ പരസ്യം കണ്ടു എന്നു അറിയിക്കുക.